# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പോത്തൻകോട് ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSATVM/BP/427/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 29/03/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പോത്തൻകോട് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പോത്തൻകോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പോത്തൻകോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് (ഉ.പ.സഹിതം)

നമ്പർ: KSATVM/BP/427/2023 തീയ്യതി: 29/03/2023

## തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 38 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ഷീല ഉബാൾഡ് | ജോയിന്റ് ഡയറക്ടർ | 06-03-2023 | 15-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 06-03-2023 | 15-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സിന്ധു പി എസ്, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീ പ്രേംനാഥ് ജി കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ശ്രീദേവി എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി അമലാദേവ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ഹരിപ്രസാദ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി ഷൈനി ജി | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി രാധാമണി കെ എൻ | അസി. എക്സിക്യൂട്ടീവ് എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| ശ്രീ സുനിൽ എസ് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| ശ്രീമതി ഷാനിബാ ബീഗം | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി റീജ എസ് ധരൻ | അസി. ഡയറക്ടർ, കൃഷി | 01-04-2021 | 31-03-2022 |
| ഡോ പ്രീതാകുമാരി | സി.ഡി.പി.ഒ | 01-04-2021 | 26-10-2021 |
| ശ്രീമതി സരസ്വതി | സി.ഡി.പി.ഒ | 27-10-2021 | 31-03-2022 |
| ശ്രീമതി നദീറ ബീഗം | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.അച്ചാമ്മ | മെഡിക്കൽ ഓഫീസർ, CHC, പുത്തൻതോപ്പ് | 01-04-2021 | 31-03-2022 |
| ഡോ രമ | മെഡിക്കൽ ഓഫീസർ, CHC, അണ്ടർക്കോണം | 01-04-2021 | 31-03-2022 |
| എസ്.സി.ഡി.ഒ | ശ്രീമതി ശ്രീജ എസ്.ജി നായർ | 01-04-2021 | 18-07-2021 |
| എസ്.സി.ഡി.ഒ | ശ്രീ.മധുരഞ്ജൻ | 19-07-2021 | 31-03-2022 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | ബജറ്റ് - അപാകങ്ങൾ | 1-1-1 |
| 3 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 4 | വാർഷിക ധനകാര്യ പത്രിക - അപാകങ്ങൾ | 1-2-1 |
| 5 | ഗ്രാന്റ് വിനിയോഗം | 1-3 |
| 6 | ഫണ്ട് വിനിയോഗത്തിലെ അപാകതൾ | 1-3-1 |
| 7 | പദ്ധതി അവലോകനം | 1-4 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-5 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-6 |
| 10 | GST രജിസ്ട്രേഷൻ ലഭ്യമാക്കിയില്ല. | 1-7 |
| 11 | സാക്ഷരതാ പ്രേരക്മാരുടെ ശമ്പളം - തുക ക്രമീകരിച്ചിട്ടില്ല | 1-8 |
| 12 | വാടക - അപാകങ്ങൾ | 1-9 |
| 13 | പട്ടികജാതി വനിതാഗ്രൂപ്പ് തൊഴിൽ സംരംഭങ്ങൾക്ക് സബ്സിഡി - അനുബന്ധ രേഖകൾ ഹാജരാക്കിയിട്ടില്ല | 1-10 |
| 14 | പ്രൊക്യൂർമെന്റ് കമ്മിറ്റി ചുമതലകൾ നിറവേറ്റുന്നില്ല | 1-11 |
| 15 | ആദായനികുതി ഈടാക്കിയിട്ടില്ല | 1-12 |
| 16 | കുടിവെള്ളപദ്ധതികൾ പാഴ്ചെലവുകളായി പരിണമിക്കുന്നു | 1-13 |
| 17 | വജ്രജൂബിലി ഫെല്ലോഷിപ്പ് - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-14 |
| 18 | രേഖകളുടെയും രജിസ്റ്ററുകളുടെയും പരിപാലനം | 1-15 |
| 19 | ബ്ളോക്ക് പഞ്ചായത്തിന്റെ വികസനപദ്ധതികൾ - നിയമവ്യവസ്ഥ പാലിക്കേണ്ടതാണ് | 1-16 |
| 20 | ക്ഷീരവർദ്ധിനി പ്രോജക്റ്റ് - 46715 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-17 |
| 21 | തുക അനുവദിച്ച് ഒരു വർഷമായിട്ടും കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ ലഭ്യമായിട്ടില്ല | 1-18 |
| 22 | ഐ.പി സ്റ്റാഫിന്റെ വേതനം - 1350 രൂപ അധികം നൽകിയിരിക്കുന്നു | 1-19 |
| 23 | വിവിധ പർച്ചേസ് പ്രോജക്ടുകളിലെ അപാകതകൾ | 1-20 |
| 24 | പുത്തൻതോപ്പ് സിഎച്ച്സിയ്ക്ക് മരുന്ന് വാങ്ങൽ - 159114 രൂപയുടെ മരുന്ന് ലഭിക്കാനുണ്ട് | 1-20-1 |
| 25 | പാലിയേറ്റീവ് രോഗികൾക്കുള്ള 143141 രൂപയുടെ മരുന്ന് ഇനിയും ലഭിച്ചിട്ടില്ല | 1-20-2 |
| 26 | ക്യാഷ് ഇൻവോയിസ് ലഭ്യമാക്കിയിട്ടില്ല – ഉപകരണം ലഭിച്ചോയെന്നതിന് | 1-20-3 |

| | | |
|---|---|---|
| | തെളിവില്ല | |
| 27 | സിഎച്ച്സി പുത്തൻതോപ്പിൽ 10247 രൂപയുടെ ലാബ് റീഏജന്റ്സ് ഇനിയും ലഭിക്കുവാൻ അവശേഷിക്കുന്നു - തുക തടസ്സപ്പെടുത്തുന്നു. | 1-20-4 |
| 28 | ഉപകരണങ്ങൾ വാങ്ങൽ പ്രോജക്ട് - 24562 രൂപയുടെ സാധനം നാളിതുവരെ ലഭിച്ചിട്ടില്ല - തുക തടസ്സപ്പെടുത്തുന്നു. | 1-20-5 |
| 29 | മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് - ഗുണഭോക്താക്കളുടെ അർഹത ഉറപ്പുവരുത്തിയില്ല | 1-21 |
| 30 | അധിക തുക നൽകി ലാപ്ടോപ് പർച്ചേസ് ചെയ്തു | 1-22 |
| 31 | ഫസ്റ്റ് ചെക്ക് ക്യാൻസർ പരിശോധന പ്രോജക്ട് - ലക്ഷ്യം കൈവരിച്ചിട്ടില്ല | 1-23 |
| 32 | നിർവ്വഹണ ഉദ്യോഗസ്ഥരുടെ ക്യാഷ് ബുക്ക് പരിപാലനം ക്രമപ്രകാരമല്ല | 1-24 |
| 33 | പ്രവർത്തനം ആരംഭിക്കാത്ത വയോജന പാർക്കിന് വേണ്ടി പർച്ചേസ് - 62263 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-25 |
| 34 | കൃഷി മേഖല – നിയമം അനുശാസിക്കുന്ന പൊതുചുമതലകളെ അടിസ്ഥാനമാക്കി പദ്ധതികൾ തയ്യാറാക്കണം | 1-26 |
| 35 | ഗ്രാമപഞ്ചായത്തിന്റെ രേഖാമൂലമുള്ള സമ്മതമില്ലാതെ നടപ്പിലാക്കിയ പ്രവൃത്തികൾ ഗ്രാപഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്താനായി കൈമാറിയിട്ടില്ല | 1-27 |
| 36 | ആസ്തിയിൽ ഉൾപെടാത്ത ഭൂമിയിലെ പൊതുശൗചാലയം - അടിയന്തിര നടപടികൾ ഉണ്ടാകണം | 1-28 |
| 37 | കരാറിലെ നിബന്ധനകൾ അടിയന്തിരമായി കാലികമാക്കണം | 1-29 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയതുകയുടെ വിവരം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 വർഷത്തെ ബ്ലോക്ക്പഞ്ചായത്തിന്റെ ബജറ്റ് ധനകാര്യ സ്ഥിരം സമിതിയുടെ 30.01.2021ാം തീയതിയിലെ 1ാം നമ്പർ തീരുമാനപ്രകാരവും, ഭരണസമിതിയുടെ 06.02.2021ാം തീയതിയിലെ 1ാം നമ്പർ തീരുമാനപ്രകാരവും 2021-22 വർഷത്തെ ബജറ്റ് അംഗീകരിച്ചു. 624700808/- രൂപ പ്രാരംഭ ബാക്കി ഉൾപ്പെടെ വരവും 614420447/- രൂപ ചെലവും 10280361/- രൂപ നീക്കിയിരിപ്പും പ്രതീക്ഷിക്കുന്ന ബജറ്റാണ് അംഗീകരിച്ചത്.

### 1-1-1 ബജറ്റ് - അപാകങ്ങൾ

1. ബജറ്റ് ശുപാർശ, രൂപീകരണം എന്നിവ ഉൾപ്പെട്ട 2021-22 വർഷത്തെ ബജറ്റ് ഫയൽ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. കൂടാതെ വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ട താഴെപ്പറയുന്ന പ്രധാന രേഖകളും ബജറ്റിൽ നിന്നുള്ള വ്യതിയാനം പരിശോധിക്കുന്നതിനായി Monthly Progress Report, Annual Review Progress Report എന്നിവയും ലഭ്യമാക്കിയിട്ടില്ല.

എ) ബജറ്റ് പ്രസംഗം

ബി) ബജറ്റ് കുറിപ്പുകൾ

സി) ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

ഡി) പെർഫോമൻസ് ബജറ്റ്

2. പഞ്ചായത്ത് രാജ് നിയമത്തിലെ 214(6) വകുപ്പ് പ്രകാരം അനിവാര്യമായ ഒരു അടിയന്തിര സാഹചര്യത്തിലൊഴികെ ചെലവ് ചെയ്യുന്ന സമയത്ത് ബജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പടുത്തിയിട്ടില്ലാത്ത യാതൊരു തുകയും പഞ്ചായത്തോ അഥവാ പഞ്ചായത്തിന് വേണ്ടിയോ ചെലവഴിക്കാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മാത്രമല്ല 214(8) വകുപ്പ് പ്രകാരം ബജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ് തുക ചെലവഴിക്കാൻ പാടില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്.

ബജറ്റിൽ വകയിരുത്താതെയും ബജറ്റിനെ അധികരിച്ചും തുക ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | ഹെഡ് ഓഫ് അക്കൌണ്ട്. | ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ്.പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | Wages | 2101002 | 612810 | 1225860 |
| 2 | Other Items | 2201002 | 0 | 89516 |
| 3. | Books And Periodicals | 2202001 | 0 | 3360 |
| 4 | Insurance And Registration | 2204001 | 30000 | 40204 |
| 5 | Miscellaneous Administrative Expenses | 2208001 | 3837100 | 7653833 |
| 6 | Hire Charges | 2304001 | 0 | 183100 |
| 7 | Other Operating And Maintenance Expenses | 2308001 | 0 | 10000 |
| 8 | Agriculture Development Programs | 2501003 | 0 | 15000 |
| 9 | Agriculture And Related | 2501008 | 0 | 19594 |

| | | | | |
|---|---|---|---|---|
| | Sectors-Watershed Mangement | | | |
| 10 | Dairy Development – Storage And Marketing | 2501046 | 0 | 3500000 |
| 11 | Dairy Development –Infrastructure | 2501048 | 0 | 1916750 |
| 12 | Traditional Handicrafts | 2503014 | 0 | 200000 |

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 19ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ അപാകങ്ങൾ ഒഴിവാക്കി ബജറ്റ് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| വാർഷിക ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 29.07.2022 |

## 1-2-1 വാർഷിക ധനകാര്യ പത്രിക - അപാകങ്ങൾ

1. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം പഞ്ചായത്തിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചും ഡിമാന്റുകളിലും അഡ്ജസ്റ്റുമെന്റിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടേയും പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. ആയതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

2. 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻ മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

4. ബി 18 ഷെഡ്യൂൾ പ്രകാരം അഡ്വാൻസായി നൽകിയിട്ടുള്ള ചുവടെ പറയുന്ന തുക ക്രമീകരിച്ചതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. അഡ്വാൻസുകളുടെ ആധികാരികത പരിശോധിക്കാനായി ലഭ്യമാക്കിയ അഡ്വാൻസ് രജിസ്റ്ററിൽ 2019-20 വരെ മാത്രമേ രേഖപ്പെടുത്തലുകളുള്ളു.

| കോഡ് | ഇനം | തുക |
|---|---|---|
| 460509901 | Advance To Others | 1112959 |

5. 2021-22 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം B-18 ഷെഡ്യൂളിൽ Advance To Implementing Agencies- Deposit With Kerala Water Authority ഇനത്തിൽ 8627397 രൂപ അവശേഷിക്കുന്നു. ടി തുക 2020-21 ബാലൻസ് ഷീറ്റ് പ്രകാരമുള്ള 6992400 രൂപയും 2021-22 വർഷം ഡെപ്പോസിറ്റ് വർക്കിന് അനുവദിച്ച 1634997 രൂപയും ചേർന്നതാണ്. മേൽ തുകകൾ ഏതൊക്കെ പ്രവൃത്തികൾക്കായി നിക്ഷേപിച്ചിട്ടുള്ളതാണെന്നും പ്രവൃത്തികളുടെ വിശദാംശങ്ങൾ സംബന്ധിച്ച വിവരവും ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭിച്ചവയുടെ വിവരം ലഭ്യമാക്കേണ്ടതാണ്.

6. 2020-21 വർഷാന്ത്യത്തിൽ ബ്ലോക്ക് പഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തിയിട്ടുള്ളതായി കാണുന്നില്ല. വാർഷിക ധനകാര്യപത്രികയിൽ B-14 Stock In Hand (Inventories) എന്ന ഷെഡ്യൂൾ ഉൾപ്പെടുത്തിയിട്ടില്ല.

7. B1 ഷെഡ്യൂൾ (Landscape) പ്രകാരം 310900101-Excess Of Income Over Expenditure ഹെഡ്ഡിന്റെ ബാലൻസ് തുകയായ 22190884 എന്നത് പോസിറ്റീവായി കാണിച്ചിരിക്കുന്നു. എന്നാൽ ബി 1 ഷെഡ്യൂളിൽ പ്രസ്തുത തുക നെഗറ്റീവായി കാണിച്ചിരിക്കുന്നു.

8.AFS പ്രകാരം Rent From Buildings ഇനത്തിൽ താഴെപ്പറയുന്ന രീതിയിലാണ് ഡിമാന്റ് കളക്ഷൻ ബാലൻസ് എന്നിവ രേഖപ്പെടുത്തിയിരിക്കുന്നത്.

| | |
|---|---|
| Arrear Demand(2020-21AFS) | 646262 |
| Arrear Collection(2021-22AFS) | 304362 |
| Arrear Balance(2021-22AFS) | - |
| Current Demand(2021-22AFS) | 765766 |
| Current Collection(2021-22AFS) | 243500 |
| Current Balance(2021-22AFS) | 864166 |

എന്നാൽ Arrear Balance ആയി 341900 രൂപയും Current Balance ആയി 522266 രൂപയുമാണ് വരേണ്ടിയിരുന്നത്. ടി വ്യത്യാസത്തിനുള്ള കാരണം വിശദമാക്കിയിട്ടില്ല.

9. 2020-21 ബാലൻസ് ഷീറ്റിലെ B-11 ഷെഡ്യൂളിൽ 410710103 , Movable Assets- Office Equipment And Other Equipment ഹെഡിൽ 1284948 രൂപ നീക്കിയിരിപ്പ് ഉണ്ട്. 2021-22 AFS ലെ RP -38 ഷെഡ്യൂളിൽ 410710103 , Movable Assets- Office Equipment And Other Equipment ഹെഡിൽ 3413157 രൂപ ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2021-22 ബാലൻസ് ഷീറ്റിലെ B-11 ഷെഡ്യൂളിൽ ടി ഹെഡിൽ 4871594 രൂപയാണ് നീക്കിയിരിപ്പായി കാണിച്ചിരിക്കുന്നത്. 4698105 രൂപയാണ് നീക്കിയിരിപ്പായി വരേണ്ടിയിരുന്നത്. ടി വ്യത്യാസത്തിനുള്ള കാരണം വിശദമാക്കിയിട്ടില്ല.

10. Accumulated Depreciation അതുമായി ബന്ധപ്പെട്ട ആസ്തിയെക്കാൾ അധികം തുക രേഖപ്പെടുത്തിയിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു

| ക്രമ നം | ഇനം | Depreciation ന്റെ നീക്കിയിരിപ്പ് | ആസ്തിയുടെ നീക്കിയിരിപ്പ് |
|---|---|---|---|
| 1 | Other Fixed Asset | 298045(head Code- 411800101) | 82550(head Code-410710199) |

11. താഴെപ്പറയുന്ന ആസ്തികൾക്ക് 2021-22 വർഷം ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടില്ല.

| ക്രമ നം | ഇനം | ഹെഡ് കോഡ് |
|---|---|---|
| 1. | Sewerage And Drainage | 411310101 |
| 2. | Waterways | 411320101 |
| 3. | Other Fixed Assets | 411800101 |

12. താഴെപ്പറയുന്ന ബാങ്ക് അക്കൗണ്ടുകൾ AFS ലും ലഭ്യമാക്കിയ ബാങ്ക് സ്റ്റേറ്റ്മെന്റിലും വ്യത്യസ്തമായി കാണുന്നു.

| ക്രമ നം | ബാങ്കിന്റെ പേര്<br>(AFS പ്രകാരം) | ബാങ്കിന്റെ പേര്<br>(ലഭ്യമാക്കിയ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം) |
|---|---|---|
| 1. | Vijaya Bank | Bank Of Baroda |
| 2. | Corporation Bank | Union Bank |

13. 2021-22 ബാലൻസ് ഷീറ്റിലെ B-17 ഷെഡ്യൂളിൽ LGTSB 799013000001140 അക്കൗണ്ടിന്റെ നീക്കിയിരിപ്പായി 1000000രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ടി അക്കൗണ്ടിന്റെ ബാങ്ക് ബുക്ക് പ്രകാരം 1017337 രൂപയും ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം1000000 രൂപയുമാണ് നീക്കിയിരിപ്പുള്ളത്. ഹാജരാക്കിയ റീക്കൺസിലേഷൻ സ്റ്റേറ്റ്മെന്റിൽ റീക്കൺസിലേഷൻ നടത്തിയതായി രേഖപ്പെടുത്തലുകളില്ല. ആയതിലും ബാങ്ക് ബുക്ക് നീക്കിയിരിപ്പായി 1000000രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 5ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

14. എം.ജി.എൻ.ആർ.ഇ.ജി.എസിന്റെ മുന്നിരിപ്പ്, വരവ്, ചെലവ് ,നീക്കിയിരിപ്പ് എന്നിവ ചുവടെ ചേർക്കുന്നു.

| ഇനം | ക്യാഷ് ബുക്ക് പ്രകാരം | വാർഷിക ധനകാര്യപത്രിക പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 582955 | 0 |
| വരവ് | 833366 | 175841 |
| ചെലവ് | 1240480 | 0 |
| നീക്കിയിരിപ്പ് | 175841 | 175841 |

AFS പ്രകാരം NREGS മുന്നിരിപ്പില്ല. എന്നാൽ NREGS ക്യാഷ് ബുക്ക് പ്രകാരം മുന്നിരിപ്പായി 582995 രൂപ കാണുന്നുണ്ട്. 2021-22 AFS ലെ RP -31, Grants Funds And Contributions For Specific Purpose Schedule പ്രകാരം 175841 രൂപ NREGS ന് അനുവദിച്ചിട്ടുണ്ട്. എന്നാൽ ടി തുക NREGS ന്റെ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. പ്രസ്തുത ക്യാഷ് ബുക്കിനു സമാന്തരമായി മറ്റൊരു രജിസ്റ്ററിലാണ് ഫണ്ടിന്റെ വരവും അതിൽ നിന്നുള്ള ചെലവുകളും കണക്കാക്കി

സൂക്ഷിച്ചിരിക്കുന്നത്. ടി കണക്കുകൾ ഓഡിറ്റിങ്ങിനു യോഗ്യമല്ലാത്ത രീതിയിലാണ് സൂക്ഷിച്ചിരിക്കുന്നത്. ആയത് ശരിയായ നടപടിയല്ല. മേൽ അപാകത്തിനുള്ള കാരണം വ്യക്തമാക്കിയിട്ടില്ല.

15. 2021-22 AFS ലെ B-17 Cash And Bank Balances Schedule പ്രകാരം Treasury Account Covid എന്ന ഹെഡിൽ 5350 രൂപ നീക്കിയിരിപ്പുണ്ട്. പ്രസ്തുത അക്കൗണ്ടിന്റെ ബാങ്ക് ബുക്കിലും ഇതേ തുകയാണ് നീക്കിയിരിപ്പായുള്ളത്. എന്നാൽ ട്രഷറി പാസ്ബുക്കിൽ അക്കൗണ്ട് ബാലൻസ് സീറോ ആണ്. ടി അക്കൗണ്ടിന്റെ റീക്കൺസിലേഷൻ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല.

16. RP 40(b) പ്രകാരം താഴെപ്പറയുന്ന അക്കൗണ്ടുകളുടെ ബാലൻസ് സീറോ ആണ്. ടി അക്കൗണ്ടുകൾ ക്ലോസ് ചെയ്തതാണോയെന്നും, ഇല്ലായെങ്കിൽ ക്ലോസ് ചെയ്യാൻ സ്വീകരിച്ച നടപടികൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറി 16ന് മറുപടി ലഭ്യമാക്കിയിട്ടില്ല

| ക്രമ നം | ബാങ്കിന്റെ പേര് |
|---|---|
| 1. | BPFA -I |
| 2. | Special TSB – 3A/C |
| 3. | Union Bank 72108 |
| 4. | IOB -PLAN -4762 |
| 5. | Vijaya Bank -(Mis)749 |
| 6. | IOB (SURVEY) -5575 |
| 7. | UBI -IWMP |
| 8. | Treasury Flood Relief |
| 9. | Union Bank -12610 |
| 10. | Central Bank SGSY-1131 |
| 11. | BPFA-II |
| 12. | BPFA-III |
| 13. | BPFA-III_4 |
| 14. | BPFA-III_5 |

17. ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.
18. 2021-22 വർഷം നടപ്പിലാക്കിയ നിക്ഷേപ പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.
സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാലൻസ് തുക |
|---|---|---|---|---|
| കേരളാ വാട്ടർ അതോറിറ്റി | ചിറ്റിക്കര കുടിവെള്ള പദ്ധതി, 73 | 3463500 | 0 | 3463500 |
| | ചിറ്റിക്കര കുടിവെള്ള പദ്ധതി, 104 | 634997 | 0 | 634997 |
| | ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ, 105 | 1000000 | 0 | 1000000 |
| | ആകെ | 5098497 | | 5098497 |

വാർഷിക ധനകാര്യ പത്രിക പ്രകാരം

| | 2020-21 B-18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2021-22 വർഷത്തെ നിക്ഷേപം | ആകെ | ചെലവ് | നീക്കിയിരിപ്പ് | 2021-22 B18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | 6992400 | 1634997 | 8627397 | 0 | 8627397 | 8627397 |

വാർഷിക ധനകാര്യ പത്രികയും സുലേഖ സ്റ്റേറ്റ്മെന്റും തമ്മിലുള്ള വ്യത്യാസം നിലനിൽക്കുന്നു

ക്രമ നം 14 മുതൽ 18 വരെയുള്ള അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 16ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-3 ഗ്രാന്റ് വിനിയോഗം

2021-22 വർഷത്തെ ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം പ്ലാൻ ഫണ്ട് ലഭിച്ചതിന്റേയും, ചെലവഴിച്ചതിന്റേയും വിശദാംശം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 24894041 | 24894041 | 23529058 | 1364983 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 21293400 | 21293400 | 18006780 | 3286620 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-tied) | 0 | 10039548 | 10039548 | 7423281 | 2616267 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 6131109 | 6131109 | 5270194 | 860915 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 9151322 | 9151322 | 8032544 | 1118778 |

### 1-3-1 ഫണ്ട് വിനിയോഗത്തിലെ അപാകതൾ

1. ഗ്രാമപഞ്ചായത്തിലെ 2021-22 വർഷത്തെ മേഖലാ അടിസ്ഥാനത്തിൽ പദ്ധതി മാർഗരേഖ പ്രകാരം തുക വകയിരുത്തിയിട്ടുണ്ടെങ്കിലും തുക ഭാഗികമായി മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മേഖല അടിസ്ഥാനത്തിലുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| മേഖല | വിഭാഗം | അടങ്കൽ | ചെലവ് | ചെലവ് (%) |
|---|---|---|---|---|
| ഉല്പാദനം | പൊതുവിഭാഗം | 8797590 | 6246750 | 71 |
| | പട്ടിക ജാതി | 5922000 | 1650000 | 27 |
| സേവനം | പൊതുവിഭാഗം | 47563437 | 33485395 | 70 |
| | പട്ടിക ജാതി | 14934839 | 12237161 | 82 |
| പശ്ചാത്തലം | പൊതുവിഭാഗം | 8421717 | 5990843 | 71 |
| | പട്ടിക ജാതി | 5079419 | 4290161 | 84 |

2.ലഭ്യമാക്കിയ ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള താഴെപ്പറയുന്ന ചെലവ് തുകകൾ എ.സി.ആറുമായി പൊരുത്തപ്പെടുന്നില്ല

| ഫണ്ട് | ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് തുക | എ.സി.ആർ പ്രകാരമുള്ള തുക |
|---|---|---|
| വികസനഫണ്ട് (എസ്.സി.പി) | 18006780 | 19331711 |

3. വാർഷിക ധനകാര്യപത്രികയിലെ ബി-4 ഷെഡ്യൂൾ പ്രകാരം താഴെപ്പറയുന്ന ഹെഡുകളിലുള്ള ഗ്രാന്റുകൾ/ഫണ്ടുകൾ 2020-21 മുതൽ ചെലവഴിക്കാതെ അവശേഷിക്കുന്നു.

| ക്രമ നം. | ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | നീക്കിയിരിപ്പ് |
|---|---|---|---|
| 1 | 320100118 | Centrally Sponsored Scheme-Integrated Watershed Management Programme | 25902 |
| 2. | 320200102 | Development Fund - Special Component Plan - Capital | 6992400 |
| 3. | 320200301 | Grant For Specific Purposes-other Than Develpoment Fund | 369 |
| 4. | 320200323 | Grant For Keralolsavam | 1905 |
| 5. | 320300199 | Grant For Specific Purposes-other Govt. Agencies | 25000 |

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 20ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-4 പദ്ധതി അവലോകനം

(എ) പദ്ധതി നിർവ്വഹണം

2021-22 വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ട് നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടുകൾ | | | | അടങ്കൽ | | |
|---|---|---|---|---|---|---|---|---|
| | | അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | നടപ്പിലാക്കാത്തത് | ശതമാനം | വകയിരുത്തൽ | ചെലവ് | ശതമാനം |
| I | ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ | 5 | 5 | 0 | 100 | 3983163 | 3954125 | 99 |
| Ii | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | 41 | 35 | 6 | 85 | 43315007 | 27959941 | 64 |
| Iii | മെഡിക്കൽ ഓഫീസർ - CHC | 10 | 10 | 0 | 100 | 4797119 | 4792086 | 99 |
| Iv | പട്ടികജാതി വികസന ഓഫീസർ | 4 | 4 | 0 | 100 | 6334039 | 5188333 | 81 |
| V | അസിസ്റ്റന്റ് ഡയറക്ടർ(കൃഷി) | 7 | 7 | 0 | 100 | 1764090 | 1130000 | 64 |
| Vi | അസിസ്റ്റന്റ് ഡയറക്ടർ/ സീനിയർ വെറ്ററിനറി സർജൻ/ ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 4 | 4 | 0 | 100 | 11255500 | 6066644 | 53 |
| Vii | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 3 | 3 | 0 | 100 | 2300000 | 1299091 | 56 |
| Viii | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ | 8 | 8 | 0 | 100 | 5514579 | 5389434 | 97 |
| Ix | അസിസ്റ്റന്റ് എൻജിനീയർ | 18 | 14 | 4 | 77 | 11455505 | 8120656 | 70 |
| ആകെ | | 100 | 90 | 10 | 90 | 90719002 | 63900310 | 70 |

ബി)പദ്ധതി ആസൂത്രണം

ആസൂത്രണ സമിതി

പദ്ധതി മാർഗരേഖ [സ.ഉ.(കൈ)നമ്പർ 11/2018 തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 3.11 പ്രകാരം പഞ്ച വത്സര പദ്ധതിയിൽ ആദ്യവർഷം രൂപീകരിച്ചതും നിലവിലുള്ളതുമായ ആസൂത്രണ സമിതി ആവശ്യമെങ്കിൽ പുനഃ സംഘടിപ്പിക്കേണ്ടതാണെന്നുണ്ട്. ആസൂത്രണ നിർവ്വഹണ പ്രക്രിയയിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നിവ ഏകോപിപ്പിക്കുന്നതിനും ഭരണസമിതിയെ സഹായിക്കുകയെന്ന പ്രധാന ചുമതല ആസൂത്രണസമിതിയിൽ നിക്ഷിപ്തമാണ്. സ്ഥാപനത്തിന്റെ ദീർഘകാല വികസന പരിപ്രേക്ഷ്യത്തിന് രൂപം നൽകുന്നതിൽ ഭരണസമിതിയേയും വർക്കിംഗ് ഗ്രൂപ്പുകളേയും സഹായിക്കുക, പദ്ധതി ആസൂത്രണത്തിനും പദ്ധതിയുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണ സമിതിയ്ക്ക് റിപ്പോർട്ട് നൽകുക തുടങ്ങിയ നിരവധി ചുമതലകൾ ആസൂത്രണ സമിതി നിർവ്വഹിക്കേണ്ടതായിട്ടുണ്ട്.

എ)2021-22 വർഷത്തെ പദ്ധതി രൂപീകരണത്തിന് മുൻപായി ആസൂത്രണസമിതി പുനഃ സംഘടിപ്പിച്ചതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

ബി)ആസൂത്രണ സമിതിയുടെ മിനിട്സ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പ്

സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.2018 ഖണ്ഡിക 3.1.2 പ്രകാരം പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ

സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പ് വരുത്തുക, അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക തുടങ്ങി വിപുലമായ ചുമതലകളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഉള്ളത്.

എ)ഗ്രാമപഞ്ചായത്തിലെ എല്ലാ വർക്കിംഗ് ഗ്രൂപ്പുകളും 2021-22 വർഷത്തെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ഒരു യോഗം മാത്രമാണ് ചേർന്നിട്ടുള്ളത്. 01.02.2021ാം തീയതിയാണ് യോഗം ചേർന്നിട്ടുള്ളത്.

ബി) ഭൂരിഭാഗം വർക്കിംഗ് ഗ്രൂപ്പുകളും നടപ്പാക്കാനുള്ള പ്രോജക്ടുകൾ നിർദ്ദേശിക്കുകയല്ലാതെ ക്രിയാത്മകമായ ചർച്ച നടത്തിയതായി കാണുന്നില്ല.

സി) ഖണ്ഡിക 3.1.2.(ബി)7 പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ചാൽ മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഏറ്റവും ആദ്യം നടക്കുന്ന ഗ്രാമസഭായോഗത്തിൽ അവതരിപ്പിക്കേണ്ടതാണ്. അത്തരത്തിലൊരു ചുമതല വർക്കിംഗ് ഗ്രൂപ്പ് നിർവ്വഹിച്ചതായി മിനിട്സ് പരിശോധനയിൽ കണ്ടെത്തിയിട്ടില്ല.ഖണ്ഡിക 3.1.2(ബി)12 പ്രകാരം വാർഷികപദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. അത്തരത്തിലൊരു നടപടിക്രമവും പാലിച്ചതായി വർക്കിംഗ് ഗ്രൂപ്പുകൾ മിനിട്സ് പരിശോധനയിൽ കണ്ടെത്തിയിട്ടില്ല.

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 28ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-5 ക്യാഷ് വെരിഫിക്കേഷൻ

ഇല്ല.

## 1-6 ആഭ്യന്തരനിയന്ത്രണം

1)ബ്ലോക്ക് പഞ്ചായത്തിന് വരവിനത്തിൽ ലഭിക്കേണ്ട തുകകൾ കൃത്യമായി പിരിച്ചെടുത്ത് തനത് വരുമാനം വർദ്ധിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2) വാർഷികധനകാര്യപത്രിക തയ്യാറാക്കുന്നതിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതുണ്ട്.

3) ആസ്തിസംരക്ഷണം കാര്യക്ഷമമാക്കുന്നതിലേക്ക് അധികാരികളുടെ അടിയന്തിരശ്രദ്ധ ആവശ്യമുണ്ട്.

* മുൻവർഷങ്ങളിൽ കുടിവെള്ളവിതരണത്തിനായി നിർമ്മിച്ച പ്ലാന്റ് ഉപേക്ഷിക്കപ്പെട്ട നിലയിലാണ്. എന്നാൽ അതേ പദ്ധതി പ്രസ്തുത സ്ഥലത്തു തന്നെ വലിയ രീതിയിൽ നടപ്പാക്കാൻ വാട്ടർ അതോറിറ്റിയിൽ നിക്ഷേപവും നടത്തിയിരിക്കുന്നു.

* ടേക്ക് എ ബ്രേക്ക് പദ്ധതി മുഖേന നിർമ്മിച്ച പൊതുശൗചാലയം സാംസ്കാരികവകുപ്പിനു കീഴിലുള്ള ഒരു സ്ഥാപനത്തിനുള്ളിലാണ് സ്ഥിതി ചെയ്യുന്നത്. ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിയിലുൾപ്പെടാത്ത സ്ഥലത്ത് നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്ന നടപടി ആശാസ്യമല്ല.

* ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ പ്രവർത്തിച്ചിരുന്ന വനിതാജിംനേഷ്യം മംഗലപുരം പഞ്ചായത്തിലേക്ക് മാറ്റിസ്ഥാപിക്കാൻ തീരുമാനമായിട്ടുണ്ടെങ്കിലും നിലവിൽ അതും പ്രവർത്തനരഹിതമാണ്.

* വയോജന പാർക്കിനായി വാങ്ങിയ ടെലിവിഷൻ, വാട്ടർ പ്യൂരിഫൈയർ എന്നിവയുൾപ്പടെയുള്ള ഉപകരണങ്ങൾ കെട്ടിടത്തിന്റെ പണി പൂർത്തിയാകാത്തതിനാൽ നാളിതുവരെയും അടുത്തുള്ള ലൈബ്രറിയിൽ കൂട്ടിയിട്ടിരിക്കുകയാണ്.

4) സ്വയംതൊഴിൽ സംരംഭങ്ങൾക്കായി മുൻവർഷം പട്ടികജാതി വനിതാഗ്രൂപ്പുകൾക്ക് വായ്പാധിഷ്ഠിത ധനസഹായം അനുവദിച്ചിരുന്നെങ്കിലും ഗ്രൂപ്പുകൾ പ്രവർത്തനക്ഷമമല്ലാത്തതിനാൽ അവയെ പുനരുദ്ധരിക്കുന്നതിനായി യോഗം വിളിക്കാൻ ഭരണസമിതി തീരുമാനിച്ചിരുന്നു. എന്നാൽ ആയതിന്മേൽ തുടർനടപടികളൊന്നും സ്വീകരിച്ച കാണുന്നില്ല. അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിൽ നിർവ്വഹണോദ്യോഗസ്ഥർ കൂടുതൽ ജാഗ്രത പുലർത്തേണ്ടതാണ്.

5) പ്രൊക്യൂർമെന്റ് കമ്മിറ്റി നിക്ഷിപ്തമായ ചുമതലകൾ നിറവേറ്റിക്കാണുന്നില്ല.

6) ടെണ്ടർ നടപടികൾ കൂടാതെ അംഗീകൃത ഏജൻസികളിൽ നിന്നും ഉപകരണങ്ങൾ വാങ്ങുന്നതിനായി തുക ഒടുക്കിയെങ്കിലും നാളിതുവരെ ആവശ്യപ്പെട്ടവ ലഭ്യമായിട്ടില്ല. ഉദാ:- IEO ഓഫീസിൽ കമ്പ്യൂട്ടർ; അണ്ടൂർക്കോണം CHCയിൽ പ്രിന്റർ, ലാപ്ടോപ്പ് എന്നിവ തുക ഒടുക്കി ഒരു വർഷം കഴിഞ്ഞും ലഭ്യമായിട്ടില്ല. ടെണ്ടർ നടപടികൾ സ്വീകരിച്ചിരുന്നുവെങ്കിൽ തൻവർഷം തന്നെ ലഭിക്കുമായിരുന്ന ഉപകരണങ്ങൾക്ക് അടുത്ത വർഷത്തിൽ കൂടിയ വിലയും ഒടുക്കി കാത്തിരിക്കേണ്ട അവസ്ഥ ഒഴിവാക്കാമായിരുന്നു. വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനാവശ്യ മായ നടപടികൾ സ്വീകരിക്കേണ്ടതാണ്

## 1-7 GST രജിസ്ട്രേഷൻ ലഭ്യമാക്കിയില്ല.

കേരള സംസ്ഥാന ചരക്ക് സേവന നികുതി നിയമം 2017 വകുപ്പ് 51(1), കേന്ദ്ര ധനകാര്യ വകുപ്പിന്റെ 13.09.2018-ലെ 50/2018-Central Tax വിജ്ഞാപനം എന്നിവ പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2.5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകളുടെ കാര്യത്തിൽ 2% ജി.എസ്.ടി- ടി.ഡി.എസ് ഈടാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. വകുപ്പ് 24(vi) പ്രകാരം സ്രോതസ്സിൽ നിന്നും നികുതി പിടിക്കാൻ ബാധ്യസ്ഥരായവർ നിർബന്ധമായും Tax Deductor രജിസ്ട്രേഷൻ എടുക്കേണ്ടതാണ്. സ.ഉ (പി)162/2018/ധന തീയതി 22.10.2018 പ്രകാരം ടി.ഡി.എസ് പിടിച്ച് അടവാക്കേണ്ട നടപടിക്രമങ്ങൾ വിശദമാക്കിയിട്ടുമുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ എൻക്വയറി 36 പ്രകാരം ചുവടെ ചേർക്കുന്ന വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുവെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല.

A). ഇതു പ്രകാരം ബ്ലോക്ക് പഞ്ചായത്ത് എടുത്ത Tax Deductor രജിസ്ട്രേഷൻ വിവരങ്ങൾ (രജിസ്ട്രേഷൻ എടുത്ത വർഷം, രജിസ്ട്രേഷൻ നമ്പർ എന്നിവ).

B) 2021-22 വർഷം ഇത്തരത്തിലുള്ള വാങ്ങലുകൾ നടത്തിയതിന്റെയും ജി.എസ്.ടി- ടി.ഡി.എസ് ഈടാക്കിയതിന്റെയും വിവരങ്ങൾ .

C) 2017ലെ KGST/CGST നിയമത്തിലെ സെക്ഷൻ 51(2) പ്രകാരം ജി.എസ്.ടി- ടി.ഡി.എസ് ഈടാക്കിയ തുക അത്തരം കിഴിവ് വരുത്തിയ മാസാവസാനത്തിന് ശേഷം പത്ത് ദിവസത്തിനുള്ളിൽ സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടതാണ്. അത്തരത്തിൽ സർക്കാരിലേയ്ക്ക് അടവാക്കിയ തുകയുടെ വിശദാംശങ്ങൾ .

D) ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള / ബ്ലോക്ക് പഞ്ചായത്തിന്റെ GST

രജിസ്ട്രേഷൻ വിവരങ്ങൾ.

പ്രസ്തുത വിവരങ്ങൾ ലഭ്യമാകാത്തതിനാൽ ബ്ലോക്ക് പഞ്ചായത്തിന് GST ഇനത്തിൽ ലഭ്യമായ തുകകൾ ബന്ധപ്പെട്ട ഹെഡിലേയ്ക്ക് അടവാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം മേൽ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-8 സാക്ഷരതാ പ്രേരക്മാരുടെ ശമ്പളം - തുക ക്രമീകരിച്ചിട്ടില്ല

സ.ഉ.(സാധാ) നം.626/2021/തസ്വഭവ, തീയതി 26.02.2021 പ്രകാരം കേരള സംസ്ഥാന സാക്ഷരതാ മിഷനിലെ സാക്ഷരതാ പ്രേരക്മാരുടെ 2020 ഡിസംബർ മുതൽ 2021 മാർച്ച് വരെയുള്ള മാസങ്ങളിലെ ഓണറേറിയം സാക്ഷരതാമിഷൻ പിന്നീട് പ്രസ്തുത തുക തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾക്ക് തിരികെ നൽകണമെന്ന വ്യവസ്ഥയോടെ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് അനുമതി നൽകിയിരുന്നു. 2021-22 വർഷത്തെ ബി 18 ഷെഡ്യൂളിൽ ഹെഡ് നം.460509901 Advance To Others ലഡ്ജർ പരിശോധിച്ചതിൻ പ്രകാരം മാർച്ച് മാസത്തെ ശമ്പളമായി 35000 രൂപയും(24.05.2021ാം തീയതി), ഡിസംബർ, ജനുവരി, ഫെബ്രുവരി മാസങ്ങളിലെ ശമ്പളമായി 32500 രൂപയും (16.06.2021ാം തീയതി), മേയ് മാസത്തെ ശമ്പളമായി 57600 രൂപയും(16.06.2021ാം തീയതി) നൽകിയിട്ടുള്ളതായി കാണുന്നു. മേയ് മാസത്തെ ശമ്പളം നൽകാനുള്ള വ്യവസ്ഥ ഇല്ലാതെ എത്തരത്തിലാണ് 57600 രൂപ നൽകിയതെന്ന് വ്യക്തമല്ല. എന്നാൽ ടി വർഷം പ്രസ്തുത തുക സാക്ഷരതാ മിഷനിൽ നിന്നും തിരികെ ലഭിച്ചിട്ടുള്ളതായി കാണുന്നില്ല. പ്രസ്തുത തുക തിരികെ ലഭിക്കാത്തതിനുള്ള കാരണം വ്യക്തമാക്കേണ്ടതും ആയതിനു സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കാനുമാവശ്യപ്പെട്ട് നൽകിയ എൻക്വയറി 36 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സാക്ഷരതാ മിഷനിൽ നിന്നും തുക തിരികെ ലഭ്യമാകുന്ന മുറയ്ക്ക് ആയത് ക്രമീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-9 വാടക - അപാകങ്ങൾ

1. 2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രിക ആർപി 43 ഷെഡ്യൂൾ പ്രകാരം ആകെ 547862/- രൂപ വാടകയിനത്തിൽ വരവ് വന്നിട്ടുണ്ട്. കൂടാതെ ബാലൻസ് ഷീറ്റ് ബി 15 ഷെഡ്യൂൾ പ്രകാരം 864166/- രൂപ കിട്ടാനുള്ളതായും കാണുന്നു. വാടക രജിസ്റ്ററിൽ ഇത്തരത്തിലുള്ള രേഖപ്പെടുത്തലുകളില്ല.

2. ലഭ്യമാക്കിയ വാടക രജിസ്റ്റർ പൂർണമല്ല. പഞ്ചായത്തിന്റെ കീഴിലുള്ള ഏതൊക്കെ കെട്ടിടങ്ങളാണ് 2020-21 വർഷം വാടകയ്ക്ക് നൽകിയിട്ടുള്ളതെന്നോ അവയിൽ നിന്നും ലഭിച്ച വാടകയുടെ വരവ് സംബന്ധിച്ച പൂർണമായ വിവരങ്ങളോ ലഭ്യമല്ല. സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ ഡിസിബി സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3. വാടക രജിസ്റ്റർ പ്രകാരം 2021-22 വർഷം കഴക്കൂട്ടം ട്രഷറി പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടക, മൈനർ ഇറിഗേഷൻ കെട്ടിടത്തിന്റെ വാടക എന്നിവ ലഭിച്ചിട്ടില്ല. എന്നാൽ മൈനർ ഇറിഗേഷൻ കെട്ടിടത്തിന്റെ വാടക സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ പോത്തൻകോട് ബ്ലോക്ക്പഞ്ചായത്ത് സെക്രട്ടറിയുടെ 16/03/2022ാം തീയതിയിലെ ബി പി 4/68/20/പിറ്റിസിഡി നമ്പർ കത്തിൽ 2020 മാർച്ച് മുതൽ 2022 മാർച്ച് വരെ 113750 രൂപ വാടക കുടിശ്ശിക നിലനിൽക്കുന്നതായി പറയുന്നുണ്ട്.

4.വാടക രജിസ്റ്റർ പ്രകാരം 2021-22 വർഷം മേന്മ വനിതാ ക്യാന്റീനിന്റെ വാടക കുടിശ്ശികയായി 25500രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മേന്മ വനിതാ ക്യാന്റീനിന്റെ വാടക സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ പോത്തൻകോട് ബ്ലോക്ക്പഞ്ചായത്ത് സെക്രട്ടറിയുടെ 26/10/2022ാം തീയതിയിലെ ബി പി 4/954/17/പിറ്റിസിഡി നമ്പർ കത്തിൽ 6000 രൂപ വാടക കുടിശ്ശിക നിലനിൽക്കുന്നതായി പറയുന്നുണ്ട്.

അപാകതകൾക്കുള്ള വിശദീകരണവും വാടക കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരവും കുടിശ്ശിക ഈടാക്കിയതിന്റെ വിശദമായ റിപ്പോർട്ടും പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറി 13 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വാടക കുടിശ്ശിക കൃത്യമായി കണക്കാക്കി ആയത് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതും വാടക രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്.

## 1-10 പട്ടികജാതി വനിതാഗ്രൂപ്പ് തൊഴിൽ സംരംഭങ്ങൾക്ക് സബ്സിഡി - അനുബന്ധ രേഖകൾ ഹാജരാക്കിയിട്ടില്ല

പദ്ധതി നമ്പർ / പേര് : 56/ പട്ടികജാതി വനിതാഗ്രൂപ്പ് തൊഴിൽ സംരംഭങ്ങൾക്ക് സബ്സിഡി

അടങ്കൽ :2000000, വികസന ഫണ്ട്, എസ്.സി.പി

ചെലവ് :1000000, വികസന ഫണ്ട്, എസ്.സി.പി

നിർവഹണോദ്യോഗസ്ഥൻ :ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ

പട്ടികജാതി വനിതാഗ്രൂപ്പ് തൊഴിൽ സംരംഭങ്ങൾക്ക് സബ്സിഡി നൽകുക എന്ന ഉദ്ദേശത്തോടെയാണ് മേൽ പദ്ധതി തയ്യാറാക്കിയത്. ആയതിൽ തിരുവാതിര M E യൂണിറ്റ്, മധുരം ഹൽവ M E യൂണിറ്റ്, സൂര്യോദയം വനിതാ ആക്ടിവിറ്റി ഗ്രൂപ്പ്, മാതൃക M E യൂണിറ്റ്, സോന വനിതാ ആക്ടിവിറ്റി ഗ്രൂപ്പ് എന്നീ സംഘങ്ങൾക്കാണ് ആനുകൂല്യം ലഭിച്ചത്.

1. പ്രസ്തുത ഗ്രൂപ്പുകളിൽ സൂര്യോദയം വനിതാ ആക്ടിവിറ്റി ഗ്രൂപ്പ് ഒഴികെയുള്ള 4 ഗ്രൂപ്പുകളുടെയും ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ് പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.

2. മേൽ വനിതാഗ്രൂപ്പുകൾ ലോൺതുക തിരികെ അടവാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

3. സോന വനിതാ ആക്ടിവിറ്റി ഗ്രൂപ്പിനെ മേൽ പദ്ധതിയിലേയ്ക്ക് അംഗീകരിച്ച് തീരുമാനിച്ചതിന്റെ കമ്മറ്റി തീരുമാനം, ഗ്രേഡിംഗ് സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കിയിട്ടില്ല.

4. സോന വനിതാ ആക്ടിവിറ്റി ഗ്രൂപ്പ് ഒഴികെയുള്ള മറ്റു ഗ്രൂപ്പുകൾ അതത് അയൽക്കൂട്ടങ്ങളുടെ ഗ്രേഡിംഗ് ഫോറമാണ് ലഭ്യമാക്കിയിരിക്കുന്നത്. ആയതിലെ ഗ്രേഡിംഗ് റിപ്പോർട്ടിന്റെ സ്ഥാനത്ത് പ്രസ്തുത അയൽക്കൂട്ടം ഗ്രേഡിംഗ് പാസായിട്ടുണ്ടോ ഇല്ലയോ എന്ന കോളത്തിൽ ശരിയായ രേഖപ്പെടുത്തലുകളില്ല. മാത്രമല്ല ടി റിപ്പോർട്ടുകളിൽ ആക്ടിവിറ്റി ഗ്രൂപ്പുകളുടെ പേര് പരാമർശിക്കുന്നില്ല. ആയതിനാൽ ടി ഗ്രൂപ്പുകളുടെ ഗ്രേഡിംഗ് സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 33ന് മറുപടി ലഭ്യമാക്കിയിട്ടില്ല.തിരുവാതിര ME യൂണിറ്റ്, മധുരം ഹൽവ ME യൂണിറ്റ്, മാതൃക ME യൂണിറ്റ്, സോന വനിത ആക്ടിവിറ്റി ഗ്രൂപ്പ്, എന്നീ സംഘങ്ങൾക്ക് ലോൺ അനുവദിച്ചതുമായി ബന്ധപ്പെട്ട് ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ് ആനുകൂല്യം ലഭിച്ച യൂണിറ്റുകൾ ലോൺ തിരികെ അടവാക്കിയതിന്റെ വിശദാംശങ്ങൾ, ഗ്രൂപ്പുകളുടെ ഗ്രേഡിംഗ് സർട്ടിഫിക്കറ്റ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-11 പ്രൊക്യൂർമെന്റ് കമ്മിറ്റി ചുമതലകൾ നിറവേറ്റുന്നില്ല

സ.ഉ (പി) നം 259/2010/ത.സ്വ.ഭ.വ തീ 08.11.10, 2013ലെ സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 6.1 എന്നിവ പ്രകാരം വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ പ്രൊക്യൂർമെന്റ് കമ്മിറ്റി നടത്തേണ്ടതും ബാധകമായ നടപടിക്രമം അനുസരിച്ച് വാങ്ങേണ്ടതുമാണ്. എന്നാൽ സ്ഥാപനത്തിലെ പ്രസ്തുത കമ്മിറ്റിയുടെ രജിസ്റ്റർ പരിശോധിച്ചതിൽ ഇത്തരത്തിലുള്ളൊരു കണക്കുകളൊന്നും നടത്തിയിട്ടുള്ളതായി കാണുന്നില്ല.

വിവിധ വാങ്ങലുകൾ ടെണ്ടർ വിളിച്ചോ നേരിട്ടോ നടത്തുന്നതിന് തീരുമാനിച്ച വിവരം മാത്രമാണ് രജിസ്റ്ററിലുള്ളത്. വാങ്ങൽ പദ്ധതിയുടെ തുക നിശ്ചയിക്കുക, അംഗീകാരവും ഫണ്ടുകളും ഉറപ്പാക്കുക, ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കുക, വാങ്ങുന്ന സാധനങ്ങളുടെ ഗുണനിലവാരപരിശോധന എന്നിവയെല്ലാം പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ചുമതലകളിൽപ്പെടുന്നവയാണ്.

പഞ്ചായത്തിന്റെ വികസനത്തിന് സഹായകരവും കർമ്മനിരതവുമായ ഒരു കമ്മിറ്റി രൂപീകരിക്കുന്നതിലേക്ക് ഭരണസമിതിയുടെ സത്വരശ്രദ്ധ ക്ഷണിക്കുന്നു.

## 1-12 ആദായനികുതി ഈടാക്കിയിട്ടില്ല

ആദായ നികുതി നിയമം സെക്ഷൻ 194 സി പ്രകാരം കരാറുകാർക്ക് ഒരു സാമ്പത്തിക വർഷത്തിനുള്ളിൽ ഒരു ലക്ഷത്തിന് മുകളിൽ തുക നൽകുമ്പോൾ (വ്യക്തികൾ 1%,സ്ഥാപനങ്ങൾ 2%) ആദായ നികുതി ഈടാക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് തൻവർഷം ഏറ്റെടുത്ത ചുവടെപ്പറയുന്ന പ്രവൃത്തികൾക്ക് കരാറുകാരന് നിയമാനുസൃത കിഴിവുകൾ നടത്താതെയാണ് തുക നൽകിയിരിക്കുന്നത്. ഈടാക്കേണ്ട തുകകളുടെ വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

| പദ്ധതി | ബിൽ നം./ തീയതി | സ്ഥാപനത്തിന് നൽകിയ തുക (ഇൻവോയ്സ് പ്രകാരം) | ഈടാക്കേണ്ടിയിരുന്ന ആദായ നികുതി | കരാറുകാരന് നൽകേണ്ടിയിരുന്ന തുക |
|---|---|---|---|---|
| 114/22 | 290/16.03.2022 | 187750 | 3755 | 183995 |
| 128/22 | 347/26.03.2022 | 49600 | 992 | 48608 |
| | ആകെ | 4747 | | |

നിയമാനുസൃതം ഈടാക്കേണ്ട നികുതികൾ മേൽ സൂചിപ്പിച്ച ബില്ലുകളിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിൽ അടവാക്കാതെ തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/9.3.23) റിഡക്ഷൻ റേറ്റിൽ സാധനങ്ങൾ വാങ്ങുന്നതിനു വേണ്ടിയാണ് റ്റി.ഡി.എസ് ഉൾപ്പെടുത്താത്തത് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. ഇത്തരം അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 1-13 കുടിവെള്ളപദ്ധതികൾ പാഴ്ചെലവുകളായി പരിണമിക്കുന്നു

പദ്ധതി നം. 73/22, 104/22 (ചിറ്റിക്കര പാറമട കുടിവെള്ള പദ്ധതി രണ്ടാം ഘട്ടം) എന്നിവ മുഖേന 2021-22 സാമ്പത്തിക വർഷത്തിൽ 40,98,497/- രൂപ വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഫയൽ, സൈറ്റ് എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പദ്ധതിയുടെ ഒന്നാം ഘട്ട പ്രവർത്തനങ്ങളിലുൾപ്പെടുത്തി 23 ലക്ഷം രൂപ ചെലവഴിച്ച് 2017-18 വർഷത്തിൽ പണിത് 2020 സെപ്റ്റംബറിൽ ഉദ്ഘാടനം നടത്തിയ ശുദ്ധീകരണ പ്ലാന്റ് ഉപയോഗരഹിതമായി നിലകൊള്ളുന്നു. വൈദ്യുതചാർജ്ജ് 33,746/- രൂപ ഒടുക്കാത്തതിനാൽ 14.06.2022 മുതൽ താല്ക്കാലികമായി കണക്ഷൻ വിച്ഛേദിക്കുന്നതായുള്ള നോട്ടീസും പ്ലാന്റിൽ പതിച്ചിട്ടുണ്ട്. പ്ലാന്റ് സ്ഥാപിച്ചെങ്കിലും ഗാർഹിക/വ്യാവസായിക ആവശ്യങ്ങൾക്ക് പൈപ്പ് ലൈൻ മുഖേന കണക്ഷനുകളൊന്നും നൽകിയിട്ടില്ല. പാറമടയുടെ സമീപത്തുള്ള ഒരു വീട്ടിൽ മാത്രമാണ് പദ്ധതിയുടെ പ്രയോജനം ലഭിച്ചിരുന്നതെന്നും ആയതിന് ഉപയോഗിച്ചിരുന്ന മോട്ടോർ നിലവിൽ പ്രവർത്തനക്ഷമമല്ല എന്നും അറിയാൻ കഴിഞ്ഞിട്ടുണ്ട്.

കുടിവെള്ളവിതരണത്തിനായി പുതിയ ഒരു പ്ലാന്റ് സ്ഥാപിക്കുകയാണ് നിലവിലെ പദ്ധതിയുടെ ലക്ഷ്യം. അതിനായി വാട്ടർ അതോറിറ്റി തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം ശേഷിക്കുന്ന തുകയായ 10,41,503/-രു 2022-23 വർഷത്തിൽ 'ചിറ്റിക്കര കുടിവെള്ളപദ്ധതി മൂന്നാം ഘട്ടം' എന്ന പദ്ധതി മുഖേന ഒടുക്കിയിട്ടുണ്ട്. പദ്ധതിയുടെ പ്രവർത്തനം നാളിതുവരെ തുടങ്ങിയിട്ടില്ല. ഈ സാഹചര്യത്തിൽ ചുവടെപ്പറയുന്ന വിഷയങ്ങളിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുകയും പദ്ധതിക്കായുള്ള തീരുമാനം പുനഃപരിശോധിക്കാനാവശ്യപ്പെടുകയും ചെയ്തുകൊണ്ട് ഓഡിറ്റ് ടീം പ്രസിഡന്റിന് കത്ത് നൽകിയിട്ടുണ്ട്.

1) മഴവെള്ളത്തെ മാത്രം ആശ്രയിച്ചുള്ള പാറമടകളിൽ ഇത്തരം വൻപദ്ധതികൾ വിജയകരമായി മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള സാധ്യത.

2) ജൽജീവൻ മിഷൻ മുഖേന ഗാർഹികകുടിവെള്ള കണക്ഷനുകൾ ധാരാളമായി നൽകിവരുന്ന അവസരത്തിൽ പ്രസ്തുത പദ്ധതി പഞ്ചായത്തിനെ ഏല്പിക്കുമ്പോൾ ഉണ്ടാകാനിടയുള്ള ഗുണഭോക്താക്കളുടെ എണ്ണം.

3) വ്യക്തമായ DPR തയ്യാറാക്കുകയോ ബ്ലോക്ക് പഞ്ചായത്തിലെ എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ നിർദ്ദേശങ്ങൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ആകയാൽ പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനുള്ള സാധ്യത ഉറപ്പിക്കാനായിട്ടില്ല.

4) 2017-18ൽ നിർമ്മിച്ചിട്ടുള്ള പ്ലാന്റിന്റെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുകയും സംഭരണശേഷി ഉയർത്തുകയും ചെയ്താൽ തന്നെ പദ്ധതിപ്രദേശത്തെ വീടുകളിൽ കുടിവെള്ളം എത്തിക്കാവുന്നതാണ്. ഈ സാധ്യത പരിഗണിക്കപ്പെട്ടിട്ടില്ല.

5) പദ്ധതിപ്രദേശം നിലകൊള്ളുന്ന ഗ്രാമപഞ്ചായത്തുമായി പ്രസ്തുത പദ്ധതിയുടെ സാധ്യതയോ ആവശ്യകതയോ വിലയിരുത്തിയിട്ടില്ല.

6) നിലവിലെ പ്ലാന്റ് നിലനിൽക്കുന്ന സ്ഥലം പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ടതാണോ എന്നത് വ്യക്തമല്ല. പ്ലാന്റ് ഗ്രാമപഞ്ചായത്തിന് കൈമാറിയതായുള്ള രേഖകളൊന്നും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

09.03.2023ലെ സ.ഉ(കൈ) നം. 38/2023/ധന പ്രകാരം അംഗീകൃത അക്രഡിറ്റഡ് ഏജൻസികൾ നടത്തുന്ന നിക്ഷേപപ്രവർത്തികൾക്കായി പ്രാദേശികസർക്കാരുകൾ നിക്ഷേപിച്ച തുകയിൽ ചെലവഴിക്കാത്ത തുക അതാത് വർഷം തന്നെ സംസ്ഥാന സഞ്ചിതനിധിയിൽ തിരിച്ചടക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. നാളിതുവരെ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കാത്ത സാഹചര്യത്തിൽ മേൽ വിഷയങ്ങളിലേക്ക് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-14 വജ്രജൂബിലി ഫെല്ലോഷിപ്പ് - പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | 59/22 |
| പ്രോജക്ടിന്റെ പേര് | സംസ്ഥാന സർക്കാരിന്റെ വജ്രജൂബിലി ഫെല്ലോഷിപ്പ് നേടിയ കലാകാരൻമാർക്ക് ധനസഹായം |
| നിർവഹണം | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| അടങ്കൽ | 255000(വികസന ഫണ്ട്) |
| ചെലവ് | 255000 |

സാംസ്കാരിക ഉന്നതി നിലനിർത്തുകയും പരിപോഷിപ്പിക്കുകയും ചെയ്യുക, കലാവിഷയങ്ങളിൽ യോഗ്യത നേടിയ യുവാക്കളെ പ്രോത്സാഹിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെ സംസ്ഥാന സാംസ്കാരിക വകുപ്പ് ആവിഷ്കരിച്ച്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ നടപ്പാക്കുന്ന പദ്ധതിയാണ് വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതി. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് സ.ഉ(കൈ) നം.30/2019/തസ്വഭവ തീ. 03.03.2019 പ്രകാരം സർക്കാർ മാർഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്ത് ഉൾപ്പെടുന്ന ക്ലസ്റ്ററിൽ അഞ്ച് കലാകാരന്മാർക്ക് സാംസ്കാരിക വകുപ്പ് ചുമതല നൽകിയിട്ടുണ്ട്. 2021-22 വർഷത്തെ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)സ.ഉ(കൈ)നം.30/2019/തസ്വഭവ തീ.03.03.2019 പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ പരിശീലനത്തിന് താല്പര്യമുള്ള വിദ്യാർത്ഥികളുടെ വിവരം ശേഖരിക്കുന്നതിന് ബ്ലോക്ക് തല/ഗ്രാമപഞ്ചായത്ത് വാർഡ് തല സമിതി രൂപീകരിക്കേണ്ടതാണ്. എന്നാൽ പ്രസ്തുത സമിതി രൂപീകരിച്ചതിന്റെ വിവരം ഫയലിൽ സൂക്ഷിച്ചിട്ടില്ല. കൂടാതെ, പ്രോജക്ട് പ്രകാരം പരിശീലനത്തിന് തെരഞ്ഞെടുത്ത വിദ്യാർത്ഥികളുടെ വിവരവും ലഭ്യമാക്കിയിട്ടില്ല.

2)സ.ഉ (കൈ)നം.30/2019/തസ്വഭവ തീ.03.03.2019 മാർഗരേഖ പ്രകാരം, കലാപരിശീലനം ആഴ്ചയിൽ കുറഞ്ഞത് നാല് ദിവസങ്ങളിൽ നടത്തേണ്ടതും കലാകാരന്മാരുടെ പദ്ധതി പ്രവർത്തനം, ഹാജർ തുടങ്ങിയവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ജില്ലാ കോർഡിനേറ്റർ നൽകുന്ന പ്രവർത്തന റിപ്പോർട്ടിന്റെയും സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ സാക്ഷ്യപ്പെടുത്തലിന്റെയും അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള അധിക വിഹിതം കലാപ്രവർത്തകർക്ക് അനുവദിക്കേണ്ടതുമാണ്. 2021-22 വർഷം ഓൺലൈൻ ആയാണ് കലാ പരിശീലന പരിപാടി നടപ്പാക്കിയിട്ടുള്ളത്. വിവിധ സെന്ററുകളിൽ സർക്കാർ മാർഗരേഖ പ്രകാരമുള്ള നിശ്ചിത ദിവസങ്ങളിൽ പരിശീലന ക്ലാസ് നടപ്പാക്കിയിട്ടില്ല. ഉദാഹരണമായി 2021 ഏപ്രിൽ, ഡിസംബർ മാസങ്ങളിലെ പരിശീലന ക്ലാസുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കലാരൂപം | പരിശീലനക്ലാസുകളുടെ എണ്ണം | |
|---|---|---|---|
| | | ജൂൺ 2021 | ജൂലൈ 2021 |
| 1 | തിരുവാതിര | 8 | 9 |
| 2 | നാടൻ പാട്ട് | 8 | 8 |
| 3 | ശാസ്ത്രീയസംഗീതം | 8 | 8 |
| 4 | മോഹിനിയാട്ടം | 8 | 8 |
| 5 | ശില്പകല | 8 | 8 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.29 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സാംസ്കാരിക ഉന്നതി നിലനിർത്തുകയും പരിപോഷിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കിയ മേൽ പദ്ധതിയിൽ സർക്കാർ നിർദ്ദേശിച്ച നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട സ.ഉ(കൈ)നം.30/2019/തസ്വഭവ തീ.03.03.2019 പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ബ്ലോക്ക് തല/ഗ്രാമപഞ്ചായത്ത് വാർഡ് തല സമിതിയും മോണിറ്ററിംഗ് സമിതിയും ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ സർക്കാർ നിർദ്ദേശപ്രകാരമുള്ള മാനദണ്ഡങ്ങൾ കൃത്യമായും പാലിച്ചാണ് പദ്ധതി നടപ്പാക്കിയതെന്ന് നിർവഹണ ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്.

## 1-15 രേഖകളുടെയും രജിസ്റ്ററുകളുടെയും പരിപാലനം

രേഖകളുടെയും രജിസ്റ്ററുകളുടെയും സൂക്ഷിപ്പ് കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്.

1) വാടകരജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല. രേഖപ്പെടുത്തിയിട്ടുള്ള തുകകൾ പലതും യഥാർത്ഥ വരവുകളുമായി പൊരുത്തപ്പെടുന്നില്ല. ഡിസിബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കുകയോ രേഖകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല.

2) ലേലരജിസ്റ്ററിൽ ലേലത്തിൽ പങ്കെടുത്തവരുടെ പേരുവിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

3) അഡ്വാൻസ് രജിസ്റ്റർ 11.02.21 വരെ മാത്രമേ എഴുതിയിട്ടുള്ളൂ.

4) ഡെപ്പോസിറ്റ് രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

5) സ്യൂട്ട് രജിസ്റ്ററിൽ 2019 വരെയുള്ള കേസുകളുടെ വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

6) നിർവ്വഹണോദ്യോഗസ്ഥർ ആരും സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി എഴുതിസൂക്ഷിക്കുന്നില്ല. വാങ്ങിയ സാധനങ്ങളുടെ പേരും എണ്ണവും മാത്രമാണ് രേഖപ്പെടുത്തുന്നത്. സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികൾ മുഖേന വിവിധ ഗ്രന്ഥശാലകൾക്ക് വാങ്ങി നൽകിയ ഫർണ്ണിച്ചറും മറ്റ് ഉപകരണങ്ങളും സ്റ്റോക്കിലെടുക്കുകയും ചെയ്തിട്ടില്ല.

7) മുൻവർഷങ്ങളിൽ പണി പൂർത്തീകരിച്ച വിവിധ പദ്ധതികൾ അതാത് പഞ്ചായത്തുകൾക്ക് കൈമാറി നൽകിയതായുള്ള രേഖകളൊന്നും സ്ഥാപനത്തിൽ ലഭ്യമല്ല.

## 1-16 ബ്ളോക്ക് പഞ്ചായത്തിന്റെ വികസനപദ്ധതികൾ - നിയമവ്യവസ്ഥ പാലിക്കേണ്ടതാണ്

1) 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 175(6)-ാം വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ വികസന പദ്ധതികളുടെ പകർപ്പ് അതിന്റെ പ്രദേശം ഉൾപ്പെടുന്ന ബ്ലോക്ക് പഞ്ചായത്തിനും, ബ്ലോക്ക് പഞ്ചായത്ത് തയ്യാറാക്കിയ വികസന പദ്ധതിയുടെ പകർപ്പ് അതിന്റെ പ്രദേശം ഉൾപ്പെടുന്ന ജില്ലാ പഞ്ചായത്തിനും അയച്ചുകൊടുക്കുന്നതിന് വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. 2021-22 വർഷം ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് വരുന്ന ഏതെങ്കിലും ഗ്രാമപഞ്ചായത്തുകൾ ഇപ്രകാരം തങ്ങളുടെ വികസന പദ്ധതികളുടെ പകർപ്പ് ലഭ്യമാക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ടോയെന്നും ബ്ലോക്ക് പഞ്ചായത്തിന്റെ വികസന പദ്ധതിയുടെ പകർപ്പ് ജില്ലാ പഞ്ചായത്തിന് അയച്ചുകൊടുത്തിട്ടുണ്ടോയെന്നും വ്യക്തമല്ല.

2) പഞ്ചായത്ത് വാർഷിക പദ്ധതികൾക്കും പഞ്ചവത്സര പദ്ധതികൾക്കും പുറമേ ഇൻഫ്രാസ്ട്രക്ചർ വികസനത്തിന് വേണ്ടി, സ്പെഷ്യൽ പ്ലാനിംഗിന് പ്രത്യേക ഊന്നൽ നൽകിക്കൊണ്ടും വിഭവസമ്പത്തും തുടർന്നുള്ള വികസനത്തിന്റെ ആവശ്യങ്ങൾ പരിഗണിച്ചുകൊണ്ടും, പതിനഞ്ചു വർഷക്കാലത്തേക്ക് ദീർഘവീക്ഷണത്തോടുകൂടിയ ഒരു പദ്ധതി തയ്യാറാക്കേണ്ടതും അപ്രകാരമുള്ള പദ്ധതി ബന്ധപ്പെട്ട ജില്ലാ ആസൂത്രണ കമ്മിറ്റിക്ക് അയച്ചുകൊടുക്കേണ്ടതുമാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 175(4)-ാം വകുപ്പ് നിഷ്കർഷിക്കുന്നുണ്ട്. 2021-22 വർഷം ബ്ലോക്ക് പഞ്ചായത്ത് ഈ വ്യവസ്ഥപ്പെടുത്തൽ പ്രകാരം സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.15/09.03.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 4(1)-ാം വകുപ്പ് പ്രകാരം മധ്യതലത്തിൽ സൃഷ്ടിക്കപ്പെട്ട ബ്ലോക്ക് പഞ്ചായത്തുകൾക്ക് പഞ്ചായത്ത് രാജ് നിയമത്തിലെ നാലാം പട്ടികപ്രകാരം അതിന്റെ ചുമതലകൾ യഥാവിധി നിർവ്വഹിക്കുന്നതിന് ഇത്തരം വ്യവസ്ഥപ്പെടുത്തലുകൾ സഹായകരമാകുമെന്നതിനാൽ നിയമവ്യവസ്ഥ യഥാവിധി പാലിക്കാൻ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-17 ക്ഷീരവർദ്ധിനി പ്രോജക്ട് - 46715 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പദ്ധതിയുടെ പേര് | ക്ഷീരവർദ്ധിനി (കാലിത്തീറ്റ ധനസഹായം) - വനിത |
| പദ്ധതി നമ്പർ | 47/22 |
| പദ്ധതി അടങ്കൽ | ആകെ 3833500<br>(1916750-വികസന ഫണ്ട് പൊതുവിഭാഗം, 1916750 - മറ്റുള്ളവ) |
| പദ്ധതി ചെലവ് | 1916750 (വികസന ഫണ്ട് പൊതുവിഭാഗം) |
| നിർവഹണ ഉദ്യോഗസ്ഥൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ |

മേൽ പ്രോജക്ടിന്റെ ഫയൽ പരിശോധിച്ചതിൽ നിന്നും വിവിധ ക്ഷീരസംഘങ്ങളിൽ നിന്നുള്ള സ്റ്റേറ്റ്മെന്റിന്റെയും

ഗുണഭോക്താക്കൾക്ക് കാലിത്തീറ്റ വിൽപന നടത്തിയ രസീതിന്റെയും അടിസ്ഥാനത്തിലാണ് കറവപ്പശുക്കൾക്ക് കാലിത്തീറ്റയ്ക്കുള്ള ധനസഹായം അനുവദിച്ചിരിക്കുന്നത് എന്ന് കാണുന്നു. എന്നാൽ തുക അനുവദിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ചുവടെ പറയുന്ന ഗുണഭോക്താവിന് കാലിത്തീറ്റ വിൽപന നടത്തിയതിന്റെ രസീത് സ്റ്റേറ്റ്മെന്റിനോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെപേര് | അനുവദിച്ച സബ്സിഡി തുക | ട്രഷറി ബിൽ നം./തീയതി | ക്ഷീരസംഘത്തിന്റെ പേര് |
|---|---|---|---|---|
| 1 | നദീറബീഗം.എൻ | 1215 | 21/14.02.22 (ബിൽ ആകെ തുക-54675) | വലിയവീട് |

2. അണ്ടൂർക്കോണം ക്ഷീരസംഘത്തിൽ നിന്നുള്ള വിൽപന സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ 90 ഗുണഭോക്താക്കൾക്ക് 1300 രൂപ ക്രമത്തിൽ ആകെ 117000 രൂപ സബ്സിഡി അനുവദിച്ചിരിക്കുന്നു (ട്രഷറി ബിൽ നം. 26/09.03.22). എന്നാൽ ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് കാലിത്തീറ്റ വിൽപന നടത്തിയതിന്റെ രസീതുകൾ ഒന്നും തന്നെ സ്റ്റേറ്റ്മെന്റിനോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.35/14.03.23 ന് ലഭ്യമാക്കിയ മറുപടിയോടൊപ്പം മേൽ ഗുണഭോക്താക്കളുടെ കാലിത്തീറ്റ വിൽപന രസീതുകൾ കൂടി ഹാജരാക്കിയിരുന്നു. എന്നാൽ അവ പരിശോധിച്ചതിൽ നദീറബീഗം.എൻ എന്നയാളിന്റെ രസീത് 2020-21 വർഷത്തെയും (രസീത് നം.276/14.02.21), അണ്ടൂർക്കോണം ക്ഷീരസംഘത്തിൽ നിന്നും കാലിത്തീറ്റ വാങ്ങിയ 90 ഗുണഭോക്താക്കളിൽ 35 പേരുടെ രസീതുകൾ 2022-23 വർഷത്തെയാണെന്നും (35 രസീതുകളിലെയും തീയതി - 07.03.23) ബോധ്യപ്പെട്ടു. ലഭ്യമാക്കിയ കാലിത്തീറ്റ വിൽപന രസീത് അംഗീകരിക്കാത്തതിനാൽ ധനസഹായമായി നൽകിയ ആകെ 46715 രൂപയുടെ (1215 + 1300*35) ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-18 തുക അനുവദിച്ച് ഒരു വർഷമായിട്ടും കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ ലഭ്യമായിട്ടില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | അണ്ടൂർക്കോണം സിഎച്ച്സി ഉപകരണങ്ങൾ വാങ്ങൽ |
| പദ്ധതി നമ്പർ | 116/22 |
| പദ്ധതി അടങ്കൽ | ആകെ 499999 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| പദ്ധതി ചെലവ് | ആകെ 499122 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| നിർവഹണ ഉദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ, സിഎച്ച്സി (അണ്ടൂർക്കോണം) |
| ബിൽ നം./തീയതി | 4/23.03.22 |

എ) പ്രോജക്ട് രൂപീകരണ ഫോറം ക്രമ നം.33 പ്രകാരം റേറ്റ് കോൺട്രാക്കുള്ള സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചാണ് വാങ്ങൽ നടത്തേണ്ടത്. എന്നാൽ ആകെ 50000 രൂപയുടെ ലാബ് റീഏജന്റ്സ് (3 തവണയായി ആകെ 50000 രൂപയ്ക്ക്) മെഡികെയർ ഡിസ്ട്രിബ്യൂട്ടേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും നേരിട്ട് പർച്ചേസ് നടത്തിയിരിക്കുന്നു.

ബി) കെൽട്രോണിൽ നിന്നുള്ള പ്രൊഫോർമ ഇൻവോയിസുകളുടെ അടിസ്ഥാനത്തിൽ കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ ലഭ്യമാക്കുന്നതിന് ആകെ 119630 രൂപ അനുവദിച്ചിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | എണ്ണം | വില | പ്രൊഫോർമ ഇൻവോയിസ് |
|---|---|---|---|---|

| | | | | നം./തീയതി |
|---|---|---|---|---|
| 1 | കമ്പ്യൂട്ടർ | 2 | 79594 | TVM/ITGB/PI/RC/35300 /20-21, Dt.19.02.22 |
| 6 | പ്രിന്റർ | 2 | 40036 | TVM/ITGB/PI/RC/35298 /20-21, Dt.19.02.22 |

എന്നാൽ മേൽ സാധനങ്ങൾ നാളിതുവരെ ലഭിച്ചിട്ടുള്ളതായി കാണുന്നില്ല.

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.12/09.03.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം മറ്റൊരു പ്രോജക്ടിനായി ലാബ് റീഏജന്റ്സ് വാങ്ങുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചതിനാൽ ഈ പ്രോജക്ടിന് വീണ്ടും ക്വട്ടേഷൻ ക്ഷണിക്കണമെന്ന് അറിയില്ലായിരുന്നുവെന്ന് അറിയിച്ചിരിക്കുന്നു. ഓരോ പ്രോജക്ടിലും പർച്ചേസ് ചെയ്യുന്നവയുടെ ഇനം, എണ്ണം എന്നിവ വ്യത്യസ്തമായിരിക്കും എന്നതിനാൽ പ്രോജക്ട് നിർദ്ദേശങ്ങൾ പാലിച്ച് പർച്ചേസ് നടത്തേണ്ടതാണ്. കൂടാതെ കെൽട്രോണിൽ നിന്നും സാധനങ്ങൾ ലഭ്യമായിട്ടില്ലായെന്ന വിവരം 2022-23 വർഷം അവസാനമാണ് ശ്രദ്ധിച്ചതെന്നും കെൽട്രോണുമായി ബന്ധപ്പെട്ടപ്പോൾ തുക റീഫണ്ട് ചെയ്യുന്നതിന് തീരുമാനിച്ചിരിക്കുന്നതായും അറിയിച്ചിരിക്കുന്നു. ആയതിനാൽ 119630 രൂപ എത്രയും വേഗം തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-19 ഐ.പി സ്റ്റാഫിന്റെ വേതനം - 1350 രൂപ അധികം നൽകിയിരിക്കുന്നു

| | |
|---|---|
| പദ്ധതിയുടെ പേര് | അണ്ടൂർക്കോണം സിഎച്ച്സി യിൽ ഐ.പി സ്റ്റാഫിന്റെ വേതനം |
| പദ്ധതി നമ്പർ | 115/22 |
| പദ്ധതി അടങ്കൽ | ആകെ 100000 (വികസന ഫണ്ട് പൊതുവിഭാഗം) |
| പദ്ധതി ചെലവ് | ആകെ 95850 (വികസന ഫണ്ട് പൊതുവിഭാഗം) |
| ബിൽ നം,/തീയതി | 6/30.03.22 |
| നിർവഹണ ഉദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ, സിഎച്ച്സി (അണ്ടൂർക്കോണം) |

മേൽ പ്രോജക്ടിന്റെ ഭാഗമായി നിയമിച്ച സ്റ്റാഫുകൾക്ക് 2021-22 വർഷം ആകെ 95850 രൂപയാണ് വേതനം നൽകിയിരിക്കുന്നത്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ നിന്നും കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

എ) പ്രോജക്ടിന്റെ ഭാഗമായി ഒരു സ്റ്റാഫ് നഴ്സിനെയും ഒരു ക്ലീനിംഗ് സ്റ്റാഫിനേയും ആണ് നിയമിച്ചിട്ടുള്ളത്. എന്നാൽ പ്രസ്തുത ഒഴിവുകൾ സംബന്ധിച്ചുള്ള അറിയിപ്പ് പരസ്യം പ്രസിദ്ധപ്പെടുത്തിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. പകരം 27.01.22 ന് നടത്തിയ ഇന്റർവ്യൂവിന് പങ്കെടുക്കാൻ സ്റ്റാഫ് നഴ്സായി നിയമനം ലഭിച്ച ശ്രീമതി അശ്വനി.എസ്.വി യും, ക്ലീനിംഗ് സ്റ്റാഫായി നിയമനം ലഭിച്ച ശ്രീമതി അൻസിയ.എസ്.എ യും സ്റ്റാഫ് നഴ്സിന്റെ ഇന്റർവ്യൂവിൽ പങ്കെടുത്ത സുകൃത.ജി.അനി എന്നയാളിനും അറിയിപ്പ് നൽകിക്കൊണ്ടുള്ള കത്ത് മാത്രമാണ് ഫയലിൽ ഉള്ളത്.

ബി) ശ്രീമതി അശ്വനി.എസ്.വി, ശ്രീമതി അൻസിയ.എസ്.എ എന്നിവരുടെ നിയമനം അംഗീകരിച്ചുകൊണ്ടുള്ള കമ്മിറ്റി തീരുമാനം ലഭ്യമാക്കിയിട്ടില്ല.

സി) നിയമന ഉത്തരവ് നം.ബിപി4/46/22/പി.റ്റി.ഡി.സി, തീയതി 28.01.22 പ്രകാരം മേൽപ്പറഞ്ഞവരെ ദിവസവേതനത്തിൽ നിയമിച്ചിട്ടുണ്ട്. ക്ലിനിക്കൽ സ്റ്റാഫിന് 675 രൂപ നിരക്കിലാണ് ദിവസ വേതനം അംഗീകരിച്ചിട്ടുള്ളത്. എന്നാൽ അറ്റൻഡൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ പറയുന്ന ആളിന് അർഹമായതിൽ കൂടുതൽ വേതനം നൽകിയിട്ടുള്ളതായി കാണുന്നു.

| മാസം/വർഷം | ജീവനക്കാരിയുടെ പേര്/ഉദ്യോഗപ്പേര് | അറ്റൻഡൻസ് രജിസ്റ്റർ പ്രകാരം | അർഹമായ വേതനം | അനുവദിച്ച വേതനം | അധികം നൽകിയത് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | ഹാജരായിട്ടുള്ള ആകെ ദിവസം | | | |
| 02/22 | ശ്രീമതി അൻസിയ.എസ്.എ/ക്ലീനിംഗ് സ്റ്റാഫ് | 25 | 16875 /- | 18225 /- | 1350 /- |

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.14/9.03.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം നിയമനം ബ്ലോക്ക് പഞ്ചായത്താണ് നടത്തിയതെന്നും രേഖകൾ ലഭ്യമല്ലായെന്നും അറിയിച്ചിരിക്കുന്നു. എന്നാൽ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ നിയമന ഫയലിലും മേൽപ്പറഞ്ഞ രേഖകൾ ഉൾപ്പെടുത്തിയിട്ടില്ല. നിയമന ഉത്തരവിൽ പരമാവധി 18225 രൂപ വരെ നൽകാം എന്നുള്ളതിനാലാണ് ടി തുക അനുവദിച്ചതെന്ന മറുപടി അംഗീകരിക്കാവുന്നതല്ല. ദിവസവേതനക്കാർക്ക് ജോലി ചെയ്യുന്ന ദിവസങ്ങളിൽ മാത്രമാണ് കൂലി എന്നതിനാൽ അധികമായി നൽകിയ വേതന തുക തിരികെ ഈടാക്കേണ്ടതാണ്.

## 1-20 വിവിധ പർച്ചേസ് പ്രോജക്റ്റുകളിലെ അപാകതകൾ

മെഡിക്കൽ ഓഫീസർ, സിഎച്ച്സി (പുത്തൻതോപ്പ്) നിർവ്വഹണം നടത്തിയ വിവിധ പർച്ചേസ് പ്രോജക്റ്റുകളിലെ അപാകതകൾ ഉപഖണ്ഡികകളായി ഉൾപ്പെടുത്തിയിരിക്കുന്നു.

### 1-20-1 പുത്തൻതോപ്പ് സിഎച്ച്സിയ്ക്ക് മരുന്ന് വാങ്ങൽ - 159114 രൂപയുടെ മരുന്ന് ലഭിക്കാനുണ്ട്

| | |
|---|---|
| പദ്ധതിയുടെ പേര് | പുത്തൻതോപ്പ് സിഎച്ച്സി മരുന്ന് വാങ്ങൽ |
| പദ്ധതി നമ്പർ | 45/22 |
| പദ്ധതി അടങ്കൽ | ആകെ 1372121 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| പദ്ധതി ചെലവ് | ആകെ 1372118 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| നിർവഹണ ഉദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ, സിഎച്ച്സി (പുത്തൻതോപ്പ്) |

മേൽ പ്രോജക്റ്റിന്റെ ഭാഗമായി മരുന്ന് പർച്ചേസ് ചെയ്തിരിക്കുന്നത് സപ്ലൈകോ മെഡിക്കൽ സ്റ്റോർ (അനുവദിച്ച തുക 372118 രൂപ), കെഎംഎസ്സിഎൽ (അനുവദിച്ച തുക 1000000 രൂപ) എന്നിവിടങ്ങളിൽ നിന്നാണ്. എന്നാൽ കെഎംഎസ്സിഎൽ ൽ നിന്നുള്ള 19.07.21 ലെ പ്രൊഫോർമ ഇൻവോയിസ് നം. PRF1247 ന്റെ അടിസ്ഥാനത്തിൽ ട്രഷറി ബിൽ നം. 02/31.08.21 പ്രകാരം ആകെ 1000000 രൂപ അനുവദിച്ചതിൽ 840886 രൂപയുടെ മരുന്ന് മാത്രമാണ് വിവിധ ക്യാഷ് ബില്ലുകൾ പ്രകാരം നാളിതുവരെ ലഭിച്ചിട്ടുള്ളത്. 159114 രൂപയുടെ ഇനിയും ലഭിക്കുവാൻ അവശേഷിക്കുന്നതായി കാണുന്നു.

മേൽ അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.22/13.03.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്ന് എത്രയും വേഗം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

### 1-20-2 പാലിയേറ്റീവ് രോഗികൾക്കുള്ള 143141 രൂപയുടെ മരുന്ന് ഇനിയും ലഭിച്ചിട്ടില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | സെക്കൻഡറി പാലിയേറ്റീവ് രോഗികൾക്ക് മരുന്ന് വാങ്ങൽ |
| പദ്ധതി നമ്പർ | 50/22 |
| പദ്ധതി അടങ്കൽ | 250000 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| പദ്ധതി ചെലവ് | 250000 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ബിൽ നം./തീയതി | 1/31.08.21 |
| നിർവഹണ ഉദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ, സിഎച്ച്സി (പുത്തൻതോപ്പ്) |

എ) മേൽ പ്രോജക്റ്റിന്റെ ഭാഗമായി 50000 രൂപ വീതമുള്ള 5 പ്രൊഫോർമ ഇൻവോയിസുകൾ പ്രകാരം ആകെ 250000

രൂപ കെഎംഎസ്‌സിഎൽ ന് അനുവദിച്ചെങ്കിലും മരുന്ന് പൂർണമായും ലഭിച്ചിട്ടുള്ളതായി കാണുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊഫോർമ ഇൻവോയിസ് നം./തീയതി | അനുവദിച്ച തുക | ലഭ്യമായ മരുന്നിന്റെ വില | ലഭിക്കുവാൻ അവശേഷിക്കുന്ന മരുന്നിന്റെ വില |
|---|---|---|---|---|
| 1 | PRF1551/08.08.21 | 50000 | 37352 | 12648 |
| 2 | PRF1548/08.08.21 | 50000 | 49333 | 667 |
| 3 | PRF1552/08.08.21 | 50000 | 20174 | 29826 |
| 4 | PRF1735/18.08.21 | 50000 | - | 50000 |
| 5 | PRF1734/18.08.21 | 50000 | - | 50000 |
| | | | ആകെ | 143141 രൂപ |

ബി) പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ പ്രൊഫോർമ ഇൻവോയിസ് നം. 1760, 1762 എന്നിവ പ്രകാരമുള്ള മരുന്നുകൾ വിവിധ ക്യാഷ് ഇൻവോയിസ് ബില്ലുകൾ പ്രകാരം ആകെ 100000 രൂപയ്ക്ക് ലഭിച്ചിട്ടുള്ളതായി കാണുന്നു. എന്നാൽ പ്രസ്തുത പ്രൊഫോർമ ഇൻവോയിസുകൾ മേൽ പ്രോജക്ടുമായി ബന്ധപ്പെട്ടവയല്ല. മേൽ പട്ടികയിലെ ക്രമ നം. 4, 5 എന്നിവയിലെ പ്രൊഫോർമ ഇൻവോയിസുകൾ പ്രകാരം ലഭിക്കേണ്ടുന്ന മരുന്നുകളുടെ ക്യാഷ് ഇൻവോയിസുകൾക്ക് പകരം തെറ്റായി ഉൾപ്പെടുത്തിയവയാണോയെന്ന് വ്യക്തമല്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.22/13.03.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. 143141 രൂപയുടെ മരുന്ന് എത്രയും വേഗം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും ബന്ധപ്പെട്ട ക്യാഷ് ഇൻവോയിസുകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-20-3 ക്യാഷ് ഇൻവോയിസ് ലഭ്യമാക്കിയിട്ടില്ല – ഉപകരണം ലഭിച്ചോയെന്നതിന് തെളിവില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | പുത്തൻതോപ്പ് ആശുപത്രിയിലേയ്ക്ക് ഫിസിയോതെറാപ്പി ഉപകരണങ്ങൾ വാങ്ങൽ |
| പദ്ധതി നമ്പർ | 51/22 |
| പദ്ധതി അടങ്കൽ | 300000<br>(മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| പദ്ധതി ചെലവ് | 300000<br>(മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ബിൽ നം./തീയതി | 03/31.08.21 |
| നിർവഹണ ഉദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ, സിഎച്ച്സി (പുത്തൻതോപ്പ്) |

എ) IHDB SAT യിൽ നിന്നുള്ള 04.08.21 ലെ 7646@N/2021/8 നം. പ്രൊഫോർമ ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ 14 ഇനം ഫിസിയോതെറാപ്പി ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് ആകെ 300000 രൂപ അനുവദിച്ചിരുന്നു. എന്നാൽ പ്രസ്തുത സാധനങ്ങൾ പർച്ചേസ് ചെയ്തതിന്റെ ക്യാഷ്/ടാക്സ് ഇൻവോയിസ് ബിൽ ലഭ്യമാക്കിയിട്ടില്ല.

ബി) Liano Medical Systems എന്ന സ്ഥാപനത്തിൽ നിന്നുള്ള 01.11.21 ലെ 0979 നം. ഇൻസ്റ്റലേഷൻ റിപ്പോർട്ട് പ്രകാരം പ്രൊഫോർമ ഇൻവോയിസിലെ ക്രമ നം. 14 ആയി ഉൾപ്പെടുത്തിയിട്ടുള്ള Ultrasound Jelly – 5 Ltr JAR എന്ന ഉപകരണം (1 എണ്ണം, വില-398 രൂപ) ഒഴികെയുള്ളവ ഇൻസ്റ്റലേഷൻ ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു. മാത്രമല്ല പ്രസ്തുത ഉപകരണം ഒഴികെ പ്രൊഫോർമ ഇൻവോയിസ് പ്രകാരം ബാക്കിയുള്ള 13 ഇനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ വരവ് ചേർത്തിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ ടി സാധനം ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.21/13.03.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. Ultrasound Jelly – 5 Ltr JAR ലഭിച്ചിട്ടുണ്ടോയെന്ന് പരിശോധന നടത്തേണ്ടതും ഇല്ലായെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കേണ്ടതും ബന്ധപ്പെട്ട ക്യാഷ് ഇൻവോയിസുകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-20-4 സിഎച്ച്സി പുത്തൻതോപ്പിൽ 10247 രൂപയുടെ ലാബ് റീഏജന്റ്സ് ഇനിയും ലഭിക്കുവാൻ അവശേഷിക്കുന്നു - തുക തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പദ്ധതിയുടെ പേര് | സിഎച്ച്സി പുത്തൻതോപ്പിൽ ലാബ് റീഏജന്റ്സ് വാങ്ങൽ |

| | |
|---|---|
| പദ്ധതി നമ്പർ | 48/22 |
| പദ്ധതി അടങ്കൽ | 100000<br>(മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| പദ്ധതി ചെലവ് | 100000<br>(മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| നിർവഹണ ഉദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ,<br>സിഎച്ച്സി (പുത്തൻതോപ്പ്) |
| ബിൽ നം./തീയതി | 4/29.09.21 |

എ) പ്രോജക്ട് രൂപീകരണ ഫോറം ക്രമ നം.33 പ്രകാരം ടെണ്ടർ/ക്വട്ടേഷൻ കൂടാതെ വാങ്ങാൻ അനുവാദമുള്ള സ്ഥാപനങ്ങളിൽ നിന്നും നേരിട്ടാണ് വാങ്ങൽ നടത്തേണ്ടത്. എന്നാൽ മേൽ പ്രോജക്ടിന്റെ ഭാഗമായി ആകെ 67394 രൂപയുടെ ലാബ് റീഏജന്റ്സ് (എബിസി ഡയഗ്നോസ്റ്റിക്സ് എന്ന സ്ഥാപനത്തിൽ നിന്നും 46469 രൂപയ്ക്ക്, ഡിആർ ലബോറട്ടറി സപ്ലൈയേഴ്സിൽ നിന്നും 13645 രൂപയ്ക്ക്, ലാബ് എക്സ് എന്ന സ്ഥാപനത്തിൽ നിന്നും 7280 രൂപയ്ക്ക്) നേരിട്ട് പർച്ചേസ് നടത്തിയിരിക്കുന്നു. പ്രസ്തുത സ്ഥാപനങ്ങൾ ടെണ്ടർ/ക്വട്ടേഷൻ കൂടാതെ വാങ്ങാൻ അനുവാദമുള്ള സ്ഥാപനങ്ങളല്ല. അത്തരം സ്ഥാപനങ്ങളിൽ നിന്നും പർച്ചേസ് നടത്തിയതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

ബി) കെഎംഎസ്സിഎൽ ൽ നിന്നുള്ള 29.07.21 ലെ പ്രൊഫോർമ ഇൻവോയിസ് നം. PRF1408 ന്റെ അടിസ്ഥാനത്തിൽ ടി സ്ഥാപനത്തിന് ആകെ 32606 രൂപ അനുവദിച്ചിരുന്നു. എന്നാൽ ഫയലിൽ ഉൾപ്പെടുത്തിയിട്ടുള്ള Coastal Speciality Hospital, Valiyathura യിൽ നിന്നുള്ള 27.10.21 ലെ ഇൻവോയിസ് നം.46 പ്രകാരം 22359 രൂപയുടെ ലാബ് റീഏജന്റ്സ് മാത്രമാണ് ലഭിച്ചിട്ടുള്ളത്. 10247 രൂപയുടെ റീഏജന്റ്സ് ഇനിയും ലഭിക്കുവാൻ അവശേഷിക്കുന്നു.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.21/13.03.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും 10247 രൂപയുടെ റീഏജന്റ്സ് എത്രയും വേഗം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-20-5 ഉപകരണങ്ങൾ വാങ്ങൽ പ്രോജക്ട് - 24562 രൂപയുടെ സാധനം നാളിതുവരെ ലഭിച്ചിട്ടില്ല - തുക തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പദ്ധതിയുടെ പേര് | പുത്തൻതോപ്പ് സി.എച്ച്.സി ഉപകരണങ്ങൾ വാങ്ങൽ |
| പദ്ധതി നമ്പർ | 117/22 |
| പദ്ധതി അടങ്കൽ | 499999<br>(മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| പദ്ധതി ചെലവ് | 499996 |

| | |
|---|---|
| | (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| നിർവഹണ ഉദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ, സിഎച്ച്സി (പുത്തൻതോപ്പ്) |

മേൽ പ്രോജക്ടിന്റെ ഭാഗമായി വിവിധ ഉപകരണങ്ങൾ വിവിധ സ്ഥാപനങ്ങളിൽ നിന്നും പർച്ചേസ് ചെയ്തിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ നിന്നുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്ട് രൂപീകരണ ഫോറം ക്രമ നം.33 പ്രകാരം പ്രത്യേക പർച്ചേസ് കമ്മിറ്റി രൂപീകരിച്ച് പൊതു മാർക്കറ്റിൽ നിന്നാണ് വാങ്ങൽ നടത്തേണ്ടത്. പ്രോജക്ടിന്റെ ഭാഗമായി അത്തരം പ്രത്യേക പർച്ചേസ് കമ്മിറ്റി രൂപീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

2. IHDB SAT യിൽ നിന്നുള്ള 15.03.22 ലെ 8536@N/2022/3 നം. പ്രൊഫോർമ ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ ആകെ 124519 രൂപ അനുവദിച്ചിരുന്നു. എന്നാൽ 3 ക്യാഷ് ഇൻവോയിസുകൾ പ്രകാരം ആകെ 99957 രൂപയുടെ ഉപകരണങ്ങൾ മാത്രമാണ് നാളിതുവരെ ലഭിച്ചിട്ടുള്ളത്. 24562 രൂപയുടെ ഉപകരണങ്ങൾ ഇനിയും ലഭിക്കുവാനുണ്ട്.

3. പുത്തൻതോപ്പ് സിഎച്ച്സി ഒഫ്ത്താൽമോളജി വിഭാഗത്തിലേയ്ക്ക് ഓട്ടോ റിഫ്രാക്ടോമീറ്റർ – 1 എണ്ണം വാങ്ങുന്നതിനുള്ള ദർഘാസ് പരസ്യം പ്രചാരമുള്ള ദിനപത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിനു പകരം സായാഹ്ന പത്രമായ രാഷ്ട്രദീപികയിൽ മാത്രം പ്രസിദ്ധപ്പെടുത്തിയതിനുള്ള കാരണം വ്യക്തമല്ല.
4. കുറഞ്ഞ തുക ക്വാട്ട് ചെയ്ത സൂരജ് ഹൈടെക്ക് (പ്രൈ) ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നുമാണ് മേൽ ഉപകരണം വാങ്ങിയിട്ടുള്ളത്. എന്നാൽ ഉപകരണത്തിന്റെ ഗുണമേന്മ പർച്ചേസ് കമ്മിറ്റി പരിശോധിച്ച് ബോധ്യപ്പെട്ടിട്ടില്ല.

5. ക്യാഷ് ഇൻവോയിസ് നം. 2021-22/155, തീ. 16.03.22 പ്രകാരം 235000 രൂപയാണ് ഓട്ടോ റിഫ്രാക്ടോമീറ്റർ/കെറാറ്റോമീറ്റർ വാങ്ങിയതിന് സൂരജ് ഹൈടെക്ക് (പ്രൈ) ലിമിറ്റഡ് ന് നൽകിയത്. എന്നാൽ ടി ബില്ലിൽ നിന്നും ആദായനികുതി ടിഡിഎസ് ഈടാക്കിയിട്ടില്ല.

6. മേൽ പ്രോജക്ടിന്റെ ഭാഗമായി ബുള്ളറ്റ് സിസ്റ്റം എന്ന സ്ഥാപനത്തിൽ നിന്നും ക്വട്ടേഷൻ മുഖേന ചുവടെ പറയുന്നവ പർച്ചേസ് ചെയ്തിട്ടുണ്ട് (ക്യാഷ് ഇൻവോയിസ് നം.58/21.03.22, തുക-39813).

| ക്രമ നം. | ഇനം | എണ്ണം | വില |
|---|---|---|---|
| 1 | Processor Intel Core | 1 | 10502 |
| 2 | Motherboard | 1 | 5782 |
| 3 | 4GB RAM | 1 | 1770 |
| 4 | 1TB Hard Disk | 1 | 3363 |
| 5 | Cabinet With 5mps Fingers | 1 | 2301 |
| 6 | Monitor | 1 | 10738 |
| 7 | Key Board & Mouse | 1 | 991 |
| 8 | UPS Fingers | 1 | 2596 |
| 9 | HD Webcam | 1 | 1062 |
| 10 | Speaker | 1 | 708 |
| | | ആകെ | 39813 |

എന്നാൽ പ്രസ്തുത കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.25/14.03.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. 24562 രൂപയുടെ ഉപകരണങ്ങൾ എത്രയും വേഗം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും പർച്ചേസ് ചെയ്ത സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതുമാണ്. കൂടാതെ പർച്ചേസ് നടപടിക്രമങ്ങളിലെ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-21 മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് - ഗുണഭോക്താക്കളുടെ

## അർഹത ഉറപ്പുവരുത്തിയില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | സ്നേഹ സ്പർശം - മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് |
| പദ്ധതി നമ്പർ | 3/22 |
| പദ്ധതി അടങ്കൽ | 3003163<br>(2803163 - വികസന ഫണ്ട് പൊതുവിഭാഗം)<br>(200000 - തനത് ഫണ്ട്) |
| പദ്ധതി ചെലവ് | 2974125<br>(2803125 - വികസന ഫണ്ട് പൊതുവിഭാഗം)<br>(171000 - തനത് ഫണ്ട്) |
| നിർവഹണ ഉദ്യോഗസ്ഥ | ചൈൽഡ് ഡെവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ |

എ) സ.ഉ (കൈ) നം.22/2018/തസ്വഭവ/തി.14.02.2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ ഖ.7-1-6 ൽ മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള പ്രതിമാസ സ്കോളർഷിപ്പ്, വാർഷികബത്ത എന്നിവയുടെ നിരക്കുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വിദ്യാർത്ഥികളല്ലാത്ത മാനസിക വെല്ലുവിളികൾ നേരിടുന്ന സ്കൂളിൽ പോകാത്തവർക്ക് പ്രതിമാസബത്തയ്ക്കാണ് അർഹതയുള്ളത്.

ഗ്രാമപഞ്ചായത്തുകൾ ബ്ലോക്ക്പഞ്ചായത്തിന് കൈമാറിയ ഗുണഭോക്തൃ ലിസ്റ്റിൽ മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പിന് തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾ എന്ന് മാത്രമേ സൂചിപ്പിച്ചിട്ടുള്ളൂ. എന്നാൽ ഈ ഗുണഭോക്താക്കൾ വിദ്യാർത്ഥികളാണോ അല്ലയോ എന്ന് ഉറപ്പുവരുത്തിയിട്ടില്ല. ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ വിദ്യാർത്ഥികളാണെന്ന് തെളിയിക്കുന്നതിനുള്ള രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഏതൊക്കെ വിഭാഗത്തിൽ പെടുന്ന ഭിന്നശേഷിക്കാർക്കാണ് ആനുകൂല്യം നൽകിയതെന്നും ഏത് നിരക്കിലാണ് ഇവർക്ക് ആനുകൂല്യം നൽകിയതെന്നും വ്യക്തമല്ല.

ബി) കഠിനംകുളം, പോത്തൻകോട് ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭ്യമാക്കിയ ഗുണഭോക്തൃ ലിസ്റ്റ് അതാത് പഞ്ചായത്ത് സെക്രട്ടറിമാർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.03/08.03.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്താക്കളുടെ അർഹത ഉറപ്പുവരുത്തിയതിനു ശേഷം മാത്രം ആനുകൂല്യം അനുവദിക്കുന്നതിന് ഭാവിയിൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 1-22 അധിക തുക നൽകി ലാപ്ടോപ് പർച്ചേസ് ചെയ്തു

| | |
|---|---|
| പദ്ധതിയുടെ പേര് | ഐസിഡിഎസ് ഓഫീസിലേയ്ക്ക് പ്രൊജക്ടർ, ലാപ് ടോപ് എന്നിവ വാങ്ങൽ |
| പദ്ധതി നമ്പർ | 14/22 |
| പദ്ധതി അടങ്കൽ | ആകെ 100000 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| പദ്ധതി ചെലവ് | ആകെ 100000 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| നിർവഹണ ഉദ്യോഗസ്ഥ | ചൈൽഡ് ഡെലവപ്പമെന്റ് പ്രോജക്ട് ഓഫീസർ |

എ) ടെണ്ടർ/ക്വട്ടേഷൻ കൂടാതെ വാങ്ങാൻ അനുവാദമുള്ള സ്ഥാപനങ്ങളിൽ നിന്നും സാധനങ്ങൾ നേരിട്ട് വാങ്ങുന്നതിനാണ് പ്രോജക്ടിൽ നിർദ്ദേശിച്ചിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ കെൽട്രോണിൽ നിന്നും ഒരു ലാപ്ടോപ് വാങ്ങിയിട്ടുണ്ട്. കെൽട്രോണിൽ നിന്നുള്ള 09.08.21 ലെ പ്രൊഫോർമ ഇൻവോയിസ് പ്രകാരം ലാപ്ടോപ്പിന്റെ വില 39020 രൂപയാണ്. അതിന്റെ അടിസ്ഥാനത്തിൽ തുക അനുവദിച്ചിരിക്കുന്നു. എന്നാൽ Acer India Pvt. Ltd എന്ന സ്ഥാപനത്തിൽ നിന്നുള്ള ടാക്സ് ഇൻവോയിസാണ് ഫയലിൽ ഉള്ളത്. 20.01.22 ലെ ടാക്സ് ഇൻവോയിസ് ബിൽ പ്രകാരം ലാപ്ടോപ്പിന്റെ യഥാർത്ഥ വില 37520 രൂപ മാത്രമാണ്. അതായത് 37520 രൂപയ്ക്ക് Acer India Pvt. Ltd എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയ ലാപ്ടോപ്പാണ് 1500 രൂപ അധികം നൽകി 39020 രൂപയ്ക്ക് കെൽട്രോൺ മുഖേന പഞ്ചായത്ത് വാങ്ങിയിരിക്കുന്നത്. കൂടാതെ പർച്ചേസ് ചെയ്ത ലാപ്ടോപ്പ്, പ്രൊജക്ടർ എന്നിവ വരവ് വെച്ചിട്ടുള്ള സ്റ്റോക്ക് രജിസ്റ്റർ നിർദ്ദിഷ്ട മാതൃകയിലുള്ളതല്ല. പകരം ഒരു നോട്ട്ബുക്കിൽ എണ്ണം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മറ്റ് വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

ബി) ലഭ്യമാക്കിയ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ, മേൽ പ്രോജക്ടിന്റെ ഭാഗമായി കെൽട്രോണിൽ നിന്നും പർച്ചേസ് ചെയ്ത ചുവടെ പറയുന്ന സാധനങ്ങളും സ്റ്റോക്കിൽ വരവ് വെച്ചിട്ടില്ല എന്നു കാണുന്നു.

| ക്രമ നം. | ഇനം | എണ്ണം | വില | ഡെലിവറി ചെലാൻ നം./തീയതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | HP HD Webcam | 1 | 2230 | 06836/22.10.21 |
| 2 | D-Link Wireless Router | 1 | 2602 | |
| 3 | Multimedia Speakers | 2 | 1612 | |
| 4 | WD/Toshiba 2TB External HDD | 1 | 5576 | |
| 5 | Dell USB Keyboard | 1 | 508 | |
| 6 | Tripod With Screen | 1 | 4832 | 07127/05.11.21 |

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 3/08.03.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. 1500 രൂപ അധികമായി നൽകിയതിന് വ്യക്തത വരുത്തേണ്ടതാണ്.

## 1-23 ഫസ്റ്റ് ചെക്ക് ക്യാൻസർ പരിശോധന പ്രോജക്ട് - ലക്ഷ്യം കൈവരിച്ചിട്ടില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | ഫസ്റ്റ് ചെക്ക് - ക്യാൻസർ പരിശോധന ഫീസ് |
| പദ്ധതി നമ്പർ | 111/22 |
| പദ്ധതി അടങ്കൽ | 300000<br>(വികസന ഫണ്ട് പൊതു വിഭാഗം) |
| പദ്ധതി ചെലവ് | 300000<br>(വികസന ഫണ്ട് പൊതു വിഭാഗം) |
| ബിൽ നം./തീയതി | 3/3.03.22 |
| നിർവഹണ ഉദ്യോഗസ്ഥ | ചൈൽഡ് ഡെവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ |

പോത്തൻകോട് ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള ബിപിഎൽ കുടുംബത്തിൽപ്പെട്ട 60 വയസ്സ് കഴിഞ്ഞ ആളുകൾക്ക് ക്യാൻസർ പരിശോധന നടത്തുന്നതിന വേണ്ടി ആർസിസിയ്ക്ക് തുക അനുവദിക്കുന്നതിനാണ് പ്രോജക്ട് വെച്ചിട്ടുള്ളത്. ബന്ധപ്പെട്ട ചെലവുകൾക്കായി 300000 രൂപ അനുവദിച്ചിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ നിന്നുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

എ) ആർസിസി അധികൃതരുമായി 19.04.22 ൽ ഒപ്പുവെച്ചിട്ടുള്ള എം.ഒ.യു വിലെ ക്രമ നം. 4(i) പ്രകാരം 19.04.22 മുതൽ 18.04.24 വരെയുള്ള കാലയളവിൽ 13 ക്യാൻസർ പരിശോധന ക്യാമ്പുകൾ സംഘടിപ്പിക്കുന്നതാണ്. എന്നാൽ പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ 20.05.22 ന് സിഎച്ച്സി അണ്ടൂർക്കോണം, 27.07.22 ന് മെഡിഷോർ കണിയാപുരം എന്നിവിടങ്ങളിൽ ക്യാമ്പ് നടത്തിയതിന്റെ വിവരങ്ങൾ മാത്രമാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. ബാക്കി ക്യാമ്പുകൾ നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമല്ല.

ബി) എം.ഒ.യു വിലെ ക്രമ നം. 4(iv) പ്രകാരം ക്യാമ്പിൽ പങ്കെടുക്കുന്നവരിൽ തുടർ പരിശോധന ആവശ്യമുള്ളവർക്ക് ആർ.സി.സി.യിൽ ക്ലിനിക്കൽ പരിശോധന നടത്തുന്നതാണ്. ക്രമ നം. 4(v)7 പ്രകാരം തുടർ പരിശോധനയ്ക്കായി ആർ.സി.സി.യിൽ എത്തുന്ന ആളുകൾ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ ഒപ്പോടു കൂടിയ ശുപാർശ കത്ത് (എത്ര രൂപയാണ് ചെലവഴിക്കേണ്ടത് എന്നത് കത്തിൽ ഉൾപ്പെടുത്തണം) കൊണ്ടു വരേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മേൽ പ്രോജക്ട് പ്രകാരം നടത്തിയ 2 ക്യാമ്പുകളിലും പങ്കെടുത്തവരുടെ വിവരങ്ങൾ മാത്രമാണ് പ്രോജക്ട് ഫയലിൽ ഉള്ളത്. അവരിൽ എത്ര പേർക്കാണ് തുടർ പരിശോധന ആവശ്യമായി വന്നിട്ടുള്ളത്, ആയതിന് ചെലവായ തുക എന്നീ വിവരങ്ങൾ ഒന്നും തന്നെ ഫയലിൽ ലഭ്യമല്ല.

സി) ആർ.സി.സി.യിൽ നിന്നും ലഭ്യമാക്കിയിട്ടുള്ള വിനിയോഗ സാക്ഷ്യപത്രം പ്രകാരം 07.12.22 വരെ 156876 രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. അതായത് ബാക്കി 143124 രൂപ ആർസിസിയുടെ അക്കൗണ്ടിൽ തന്നെ നിലനിൽക്കുകയാണ്. എം.ഒ.യു വിലെ ക്രമ നം. 4(v)9 പ്രകാരം, അനുവദിച്ച തുകയിൽ 50000 രൂപ ബാക്കിയാകുമ്പോൾ ആർസിസി ആവശ്യപ്പെടുന്ന സമയം തുടർചെലവിനുള്ള തുക പഞ്ചായത്ത് അനുവദിക്കേണ്ടതാണ്. 18.04.24 വരെ എം.ഒ.യു വിന് കാലാവധി നിലനിൽക്കുകയും ബാക്കി തുകയായ 143124 രൂപ ആർ.സി.സി.യുടെ അക്കൗണ്ടിൽ നിലനിൽക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ 2022-23 വർഷം ഫസ്റ്റ് ചെക്ക് - ക്യാൻസർ പരിശോധന ഫീസ് എന്ന പേരിൽ ഒരു പുതിയ പ്രോജക്ട് വെച്ച് (പ്രോജക്ട് നം.88/23) 925000 രൂപ ചെലവഴിച്ചതായി കാണുന്നു.

ഡി) എം.ഒ.യു വിലെ ക്രമ നം. 4(v)9 പ്രകാരം പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന തുകയുടെ ചെലവുമായി ബന്ധപ്പെട്ട് ആർസിസി വിശദമായ അക്കൗണ്ട് പരിപാലിക്കുന്നതാണ്. എന്നാൽ വിനിയോഗിച്ചിട്ടുള്ള 156876 രൂപയുടെ ചെലവ് വൗച്ചറുകൾ ലഭ്യമാക്കുകയോ പരിശോധന നടത്തുകയോ ചെയ്തിട്ടുള്ളതായി കാണുന്നില്ല.

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.17/10.03.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രോജക്ടുകളുടെ നിർവഹണം പോലെ പ്രധാന്യമുള്ളതാണ് പ്രോജക്ട് വിലയിരുത്തൽ. പ്രോജക്ട് ലക്ഷ്യം കൈവരിച്ചോ

എന്ന് വിലയിരുത്തുന്നതിന് വ്യവസ്ഥാപിതമായ മോണിറ്ററിംഗ് സംവിധാനം സർക്കാർ നിർദേശിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം പാലിക്കേണ്ടതും യഥാവിധി മോണിറ്ററിംഗ് നടത്തേണ്ടതുമാണ്.

## 1-24 നിർവ്വഹണ ഉദ്യോഗസ്ഥരുടെ ക്യാഷ് ബുക്ക് പരിപാലനം ക്രമപ്രകാരമല്ല

കേരള ട്രഷറി കോഡ് വാല്യം I ആർട്ടിക്കിൾ 92(എ) പ്രകാരം സർക്കാരിന് വേണ്ടി പണം കൈകാര്യം ചെയ്യുന്ന എല്ലാ ഉദ്യോഗസ്ഥരും, TR-7A ഫോറത്തിൽ ഒരു ക്യാഷ് ബുക്ക് സൂക്ഷിക്കേണ്ടതാണ്. കൂടാതെ ജി.ഒ(പി)നം. 177/2006/ഫിൻ, തീയതി 12.04.2006 ലെ ഖണ്ഡിക നമ്പർ 18.3 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെയും വരവ്-ചെലവ് വിവരം രേഖപ്പെടുത്തുന്നതിനായി TR-7A ക്യാഷ് ബുക്കും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വരവ്-ചെലവ് പ്രത്യേകം രേഖപ്പെടുത്തുന്നതിനായി ഒരു സബ്സിഡിയറി രജിസ്റ്ററും സൂക്ഷിക്കേണ്ടതാണ്. എന്നാൽ നിർവഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ സിഎച്ച്സി അണ്ടൂർക്കോണം നിർദ്ദിഷ്ട മാതൃകയിലുള്ള TR-7A ക്യാഷ് ബുക്കിൽ വരവു ചെലവു വിവരങ്ങൾ എഴുതി സൂക്ഷിച്ചിട്ടില്ല. പകരം വരവു ചെലവു വിവരങ്ങൾ ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തി ക്യാഷ്ബുക്കായി ഉപയോഗിച്ചിരിക്കുന്നു. ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ ക്യാഷ് ബുക്ക് ലഭ്യമാക്കിയിട്ടില്ല. ഇപ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ TR-7A ക്യാഷ് ബുക്ക് പരിപാലിക്കാത്തതിനുള്ള കാരണം വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം.12/09.03.23, 4/08.03.23 എന്നിവയിൽ 12 ന് ലഭ്യമാക്കിയ മറുപടി പ്രകാരം TR-7A ക്യാഷ് ബുക്ക് ലഭ്യമല്ലാത്തതിനാലാണ് ഉപയോഗിക്കാത്തതെന്നും നിലവിൽ അപ്രകാരമുള്ള ക്യാഷ് ബുക്കാണ് ഉപയോഗിക്കുന്നതെന്നും മെഡിക്കൽ ഓഫീസർ അറിയിച്ചിരിക്കുന്നു. 4 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവു പാലിച്ച് നിർദ്ദിഷ്ട മാതൃകയിലുള്ള ക്യാഷ് ബുക്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള വരവു ചെലവുകൾ, ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെ വരവു ചെലവുകൾ എന്നിവ എഴുതി സൂക്ഷിക്കേണ്ടതും ക്യാഷ് ബുക്കിന്റെ ആദ്യ പേജിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തേണ്ടതും എല്ലാ പണമിടപാടുകളും ക്യാഷ് ബുക്കിൽ ചേർക്കേണ്ടതും മാസാന്ത്യ സംക്ഷിപ്തം എഴുതി, കൃത്യമായി ക്ലോസ് ചെയ്യേണ്ടതുമാണ്.

## 1-25 പ്രവർത്തനം ആരംഭിക്കാത്ത വയോജന പാർക്കിന് വേണ്ടി പർച്ചേസ് - 62263 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പദ്ധതിയുടെ പേര് | വയോജന പാർക്കുകളിൽ അടിസ്ഥാന സൗകര്യ വികസനം |
| പദ്ധതി നമ്പർ | 112/22 |
| പദ്ധതി അടങ്കൽ | 300000<br>(വികസന ഫണ്ട് പൊതുവിഭാഗം) |
| പദ്ധതി ചെലവ് | 300000<br>(വികസന ഫണ്ട് പൊതുവിഭാഗം) |
| ബിൽ നം./തീയതി | 04/27.03.22 |
| നിർവഹണ ഉദ്യോഗസ്ഥ | ചൈൽഡ് ഡെവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ |

മേൽ പ്രോജക്ടിന്റെ ഭാഗമായി ആനുകൂല്യം ലഭിച്ച അണ്ടൂർക്കോണം, കഠിനംകുളം, മംഗലപുരം, അഴൂർ എന്നീ പഞ്ചായത്തുകളിലെ വയോജനപാർക്കുകളെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം, അവയെ അംഗീകരിച്ച കമ്മിറ്റി തീരുമാനം എന്നിവ ലഭ്യമാക്കിയിട്ടില്ല. ഫയൽ പരിശോധിച്ചതിൽ നിന്നുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

1. ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന 4 വയോജന പാർക്കുകൾക്ക് വിതരണം ചെയ്യുന്നതിനായി ദിയാസ് ഡിജിറ്റൽ ഫർണിച്ചർ & ഹോം അപ്ലയൻസസിൽ നിന്ന് ക്വട്ടേഷൻ മുഖേനയും കാഡ്കോയിൽ നിന്ന് നേരിട്ടും സാധനങ്ങൾ പർച്ചേസ് ചെയ്തിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | എണ്ണം | പർച്ചേസ് ചെയ്ത സ്ഥാപനം | ക്യാഷ് ഇൻവോയിസ് നം./തീയതി |
|---|---|---|---|---|
| 1 | LED TV | 4 | ദിയാസ് ഡിജിറ്റൽ ഫർണിച്ചർ & ഹോം അപ്ലയൻസസ് | DD/10245/26.03.22 (തുക - 185607) |
| 2 | WATER PURIFIER | 4 | | |
| 3 | MATTRESS | 4 | | |
| 4 | PLASTIC CHAIR | 255 | | |
| 5 | STEEL | 4 | കാഡ്കോ | KADCO/HO/ |

| | | | | |
|---|---|---|---|---|
| | ALMARAH | | | |
| 6 | STEEL TABLE | 4 | | 167, Dt.22.03.22 (തുക - 114393) |
| 7 | WOODEN COT | 4 | | |

ലഭ്യമാക്കിയ സ്റ്റോക്ക് രജിസ്റ്ററിൽ മേൽ സാധനങ്ങൾ വരവ് ചേർത്ത് അണ്ടൂർക്കോണം, കഠിനംകുളം, മംഗലപുരം, അഴൂർ എന്നീ പഞ്ചായത്തുകളിലെ വയോജനപാർക്കുകൾക്ക് വിതരണം നടത്തിയിട്ടുണ്ട് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അണ്ടൂർക്കോണം, കഠിനംകുളം, മംഗലപുരം എന്നീ പഞ്ചായത്തുകളിലെ വയോജനപാർക്കുകളിൽ മേൽ സാധനങ്ങൾ ലഭിച്ചതായുള്ള കൈപ്പറ്റുരസീത് ലഭ്യമാക്കിയിട്ടില്ല.

2. അഴൂർ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന വയോജന പാർക്കിന് വേണ്ടി ചുവടെ പറയുന്ന എണ്ണം സാധനങ്ങളാണ് പർച്ചേസ് ചെയ്ത് വിതരണം നടത്തിയിട്ടുള്ളത്.

| ക്രമ നം. | ഇനം | എണ്ണം | വില |
|---|---|---|---|
| 1 | LED TV | 1 | 11779.5 |
| 2 | WATER PURIFIER | 1 | 5669.5 |
| 3 | MATTRESS | 1 | 1949 |
| 4 | PLASTIC CHAIR | 63 | 19754 |
| 5 | STEEL ALMARAH | 1 | 11750 |
| 6 | STEEL TABLE | 1 | 5611 |
| 7 | WOODEN COT | 1 | 5750 |
| | | ആകെ | 62263 |

എന്നാൽ വയോജനപാർക്കിനു വേണ്ടി മേൽപ്പറഞ്ഞവ കൈപ്പറ്റിയിരിക്കുന്നത് ശ്രീ.രാജരാജേശ്വരി ഗ്രന്ഥശാല ലൈബ്രേറിയൻ ആണ്. 30.03.22 ലെ കൈപ്പറ്റ് രസീത് പ്രകാരം വയോജനപാർക്കിന്റെ അറ്റക്കുറ്റപ്പണി പൂർത്തിയാകുന്ന മുറയ്ക്ക് സാധനങ്ങൾ ഗ്രന്ഥശാലയിൽ നിന്നും ടി കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതാണ് എന്നറിയിച്ചിരിക്കുന്നു. 13.03.23 ന് നടത്തിയ സ്ഥലപരിശോധനയിൽ നാളിതുവരെ അറ്റക്കുറ്റപ്പണി പൂർത്തിയാക്കി ഗ്രന്ഥശാലയിൽ വിവിധ ഭാഗത്തായി സൂക്ഷിച്ചിരിക്കുന്ന മേൽ സാധനങ്ങൾ വയോജനപാർക്കിലേയ്ക്ക് മാറ്റിയിട്ടില്ല എന്നു കാണുന്നു. പരിശോധനയിൽ ചുവടെ പറയുന്ന അപാകതകൾ കൂടി കണ്ടെത്തി.

എ) ഗ്രന്ഥശാലയുടെ ഭാഗമായി പ്രവർത്തിച്ചിരുന്ന എസ്.ആർ.ആർ ജിംനേഷ്യത്തിന്റെ കെട്ടിടം വയോജനപാർക്ക് മന്ദിരമാക്കി മാറ്റി നവീകരിച്ചത് 2022-23 വർഷത്തിലാണ്. ടി വർഷം പോത്തൻകോട് ബ്ലോക്ക് പഞ്ചായത്ത് അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ 'വയോജനപാർക്കുകളിൽ അടിസ്ഥാന സൗകര്യവികസനം' എന്ന പ്രോജക്റ്റിന്റെ (പ്രോജക്റ്റ് നം.29/23) ഭാഗമായിട്ടാണ് വയോജനപാർക്ക് മന്ദിരം പൂർത്തീകരിച്ചിട്ടുള്ളത്. കൂടാതെ ടി കെട്ടിടത്തിന് ഇതുവരെ വാട്ടർ, വൈദ്യുതി കണക്ഷനുകൾ ലഭ്യമായിട്ടില്ല. ഇപ്രകാരം 2022-23 ലും പണി പൂർത്തിയാക്കി പ്രവർത്തനസജ്ജമാകാത്ത വയോജനപാർക്കിനു വേണ്ടി 2021-22 വർഷം തന്നെ മേൽ പട്ടിക പ്രകാരമുള്ള സാധനങ്ങൾ പർച്ചേസ് ചെയ്യുന്നതും ആയത് ഗ്രന്ഥശാലയ്ക്ക് കൈമാറിയതിനുമുള്ള കാരണം വ്യക്തമല്ല.

ബി) പരിശോധനയിൽ വയോജനപാർക്കിനു വേണ്ടി വാങ്ങിയ ടിവി ഗ്രന്ഥശാലയിൽ സ്ഥാപിച്ച് ഉപയോഗിക്കുന്നതായും വാട്ടർ പ്യൂരിഫയർ കവർ പോലും ഇളക്കാതെ സൂക്ഷിച്ചിരിക്കുന്നതായും കണ്ടു. നാളിതുവരെ വാട്ടർ, വൈദ്യുതി കണക്ഷൻ ലഭിക്കാത്ത വയോപാർക്കിനു വേണ്ടി ഒരു കൊല്ലം മുൻപ് തന്നെ ടിവി, വാട്ടർ പ്യൂരിഫയർ തുടങ്ങിയ ഇലക്ട്രിക് ഉപകരണങ്ങൾ വാങ്ങിയിരിക്കുന്നു.

സി) ശ്രീ.രാജരാജേശ്വരി ഗ്രന്ഥശാലയുടെ പിറക് വശത്താണ് വയോജനപാർക്ക് കെട്ടിടം സ്ഥിതി ചെയ്യുന്നത്. അത്തരമൊരു വയോജനപാർക്ക് അവിടെ ഉള്ളതായി യാതൊരു അറിയിപ്പ് ബോർഡും റോഡരികിൽ സ്ഥാപിച്ചിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.4/08.03.23, 26/14.03.23 എന്നിവയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ടി സാഹചര്യത്തിൽ നാളിതുവരെ പണി പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കാത്ത അഴൂർ ഗ്രാമപഞ്ചായത്തിലെ വയോജനപാർക്കിനു വേണ്ടി സാധനങ്ങൾ പർച്ചേസ് ചെയ്യുന്നതിന് ചെലവാക്കിയ 62263 രൂപ തടസ്സപ്പെടുത്തുന്നു.

## 1-26 കൃഷി മേഖല – നിയമം അനുശാസിക്കുന്ന പൊതുചുമതലകളെ അടിസ്ഥാനമാക്കി പദ്ധതികൾ തയ്യാറാക്കണം

1994 ലെ പഞ്ചായത്ത് രാജ് ആക്റ്റിന്റെ നാലാം പട്ടികയിൽ ബ്ലോക്ക് പഞ്ചായത്തുകളുടെ കൃഷിയുമായി ബന്ധപ്പെട്ട പൊതുവായ ചുമതല താഴെ ചേർക്കുന്നു.

1) ഗ്രാമീണ തലത്തിൽ നടപ്പാക്കുന്ന പദ്ധതികൾക്കായി കൃഷിക്കാരെ പരിശീലിപ്പിക്കുന്നു.

2) ഗ്രാമീണ തലത്തിലുള്ള പദ്ധതികൾക്കാവശ്യമായ കാർഷിക നിവേശങ്ങൾ ഏർപ്പെടുത്തുന്നു.

3) ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ വരുന്ന നീർമറികൾ പരിപാലിക്കുക.

4) കാർഷിക പ്രദർശനങ്ങൾ നടത്തുക

5) കാർഷിക വായ്പ സ്വരൂപിക്കുക.

6) പട്ടുനൂൽ കൃഷി പ്രോത്സാഹിപ്പിക്കുക.

എന്നാൽ 2021-22 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ ഏഴ് പദ്ധതികളിൽ ആറെണ്ണവും ഗ്രൂപ്പുകൾക്ക് സബ്സിഡി തുക നൽകുന്ന പദ്ധതികളാണ്. ബ്ലോക്ക് പഞ്ചായത്തിന്റെ പൊതു ചുമതലകൾക്കനുസൃതമായുള്ള പദ്ധതികൾ വിഭാവനം ചെയ്തതായി കാണുന്നില്ല. ഗ്രാമ പഞ്ചായത്തുകൾക്ക് സാങ്കേതിക സഹായം നൽകുന്നതിനും, ആവർത്തനം ഒഴിവാക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ പദ്ധതികൾ കണക്കിലെടുത്തശേഷം പദ്ധതികൾ തയ്യാറാക്കുകയും ബാക്ക്വേഡ്, ഫോർവേർഡ് ലിങ്കേജ് നൽകുകയും ചെയ്യുകയെന്ന പൊതുവായ ചുമതലയിൽ നിന്ന് വിട്ടു നിൽക്കുന്നതായി കഴിഞ്ഞ വർഷങ്ങളിലെ പദ്ധതികളെ വീക്ഷിക്കുമ്പോൾ മനസിലാകുന്നതാണ്. ആയതിനാൽ പൊതുവായ ചുമതലകളെ മുൻനിർത്തി പദ്ധതികൾ തയ്യാറാക്കുന്നതിന് നിർവഹണ ഉദ്യോഗസ്ഥരും വികസന സ്റ്റാൻഡിംഗ് കമ്മിറ്റിയും ശ്രദ്ധിക്കേണ്ടതാണ്.

## 1-27 ഗ്രാമപഞ്ചായത്തിന്റെ രേഖാമൂലമുള്ള സമ്മതമില്ലാതെ നടപ്പിലാക്കിയ പ്രവൃത്തികൾ ഗ്രാപഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്താനായി കൈമാറിയിട്ടില്ല

2021-22 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മുഖേന 22 മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. ഈ പ്രവൃത്തികളിൽ 19 എണ്ണവും ബ്ലോക്കിനു കീഴിലുള്ള പഞ്ചായത്തു ആസ്തികളിൽ നടന്നവയാണ്. 29.01.2018 ലെ GO (MS) 11/2018/LSGD എന്ന ഉത്തരവ് പ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾ ഗ്രാമപഞ്ചായത്തുകൾക്കായി പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ രേഖാമൂലമുള്ള സമ്മതം വാങ്ങണം. കൂടാതെ റോഡുകളുടെ കാര്യത്തിൽ ഗ്രാമപഞ്ചായത്തിന്റെ റോഡ് രജിസ്റ്ററിൽ ഉൾപ്പെട്ട റോഡുകൾ മാത്രമേ ഏറ്റെടുക്കുവാൻ പാടുള്ളൂ. ഏറ്റെടുക്കുന്ന പ്രവൃത്തികൾ പൂർത്തിയാക്കി കഴിഞ്ഞാൽ അതാത് പഞ്ചായത്തുകൾക്ക് വിശദാംശങ്ങൾ (മൂല്യം, അളവ് തുടങ്ങിയവ) കൈമാറി, അവരുടെ ആസ്തിയിൽ അവ ഉൾപ്പെടുത്തേണ്ടതുണ്ട്.

13122173/- രൂപയുടെ പദ്ധതികളാണ് വിവിധ പഞ്ചായത്തുകളിലായി നടപ്പിലാക്കിയിട്ടുള്ളത്. എന്നാൽ ഗ്രാമപഞ്ചായത്തുകളിൽ നിന്നുള്ള രേഖാമൂലമുള്ള സമ്മതമോ, നടപ്പിലാക്കിയ പദ്ധതികളിലൂടെ സൃഷ്ടിക്കപ്പെട്ട ആസ്തി ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയതിന്റെ രേഖകളോ ഫയലിൽ ലഭ്യമല്ല. ഈ വിവരം ഉൾപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

ആയതിനാൽ ഗ്രാമപഞ്ചായത്തുകൾക്കായി ബ്ലോക്ക് പഞ്ചായത്തിന്റെ വികസന ഫണ്ട് ഉപയോഗപ്പെടുത്തി ആർജ്ജിക്കുന്ന ആസ്തികൾ രേഖകൾ സഹിതം ഗ്രാമ പഞ്ചായത്തുകൾക്ക് കൈമാറുന്നതിന് വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ശ്രദ്ധ നൽകേണ്ടതാണ്.

## 1-28 ആസ്തിയിൽ ഉൾപെടാത്ത ഭൂമിയിലെ പൊതുശൗചാലയം - അടിയന്തിര നടപടികൾ ഉണ്ടാകണം

സ.ഉ (കൈ.നം.45/2020/തസ്വഭവ തീയതി 06.03.2020) ഉത്തരവിലെ 12 ഇന പരിപാടികളിൽ ഉൾപ്പെട്ട് പ്രാദേശിക സർക്കാരുകൾ മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് ടേക്ക് എ ബ്രേക്ക്. ഇത്തരം വിശ്രമകേന്ദ്രങ്ങൾ ദേശീയ സംസ്ഥാന പാതയോരങ്ങളിലും, പാതയോരങ്ങളിൽ സ്ഥിതിചെയ്യുന്ന സർക്കാർ/പൊതുമേഖല സ്ഥാപനങ്ങളുടെ പരിസരങ്ങൾ, തദ്ദേശ സ്ഥാപനങ്ങളുടെ ഓഫീസ് പരിസരം, വാണിജ്യ കേന്ദ്രങ്ങൾ, ബസ് സ്റ്റാൻഡ്/ബസ് സ്റ്റോപ്പ് എന്നിവിടങ്ങളിലായി നിർമ്മിക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഈ ഘട്ടത്തിലാണ് പോത്തൻകോട് ബ്ലോക്ക് പഞ്ചായത്ത് ദേശീയ പാതയോരത്തുള്ള കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചറിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ ടേക്ക് എ ബ്രേക്ക് നിർമ്മിച്ചിട്ടുള്ളത്. 27.07.2020 ലെ സർക്കാർ ഉത്തരവ് (സാധാ) നം. 1401/2020/ത.സ്വ.ഭ.വ. പ്രകാരം പുതിയ ശുചിമുറി സമുച്ചയങ്ങളുടെ നിർമ്മാണത്തിനായി ഭൂമി കണ്ടെത്തേണ്ട പ്രക്രിയ താഴെ പറയും പ്രകാരമാണ്.

1) ഏതെങ്കിലും വകുപ്പ്/പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നുള്ള അനുയോജ്യമായ സർക്കാർ ഭൂമി ഇതിനായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കണ്ടെത്താം.

2) ദേശീയ/സംസ്ഥാന പാതകളുടെ വശങ്ങളിൽ സ്ഥിതി ചെയ്യുന്ന സർക്കാർ സ്കൂളുകളുടേയോ പൊതു സ്ഥാപനങ്ങളുടേയോ സ്ഥലത്തിന് മുൻഗണന നൽകാം.

3) ഭൂമിയുടെ ഉടമയെ തിരിച്ചറിയാൻ വില്ലേജ് ഓഫീസർമാരുടെ സഹായം ലഭ്യമാക്കാവുന്നതാണ്.

4) തദ്ദേശ സ്വയം ഭരണ സ്ഥാപന സെക്രട്ടറിയും വില്ലേജ് ഓഫീസറും കൂടിയാലോചിച്ച് സ്ഥല നിർണയം നടത്തിയതിന് ശേഷം സ്ഥലം വിട്ടു നൽകുന്നതിനായി പ്രസ്തുത സ്ഥലത്തിന്റെ ഉടമസ്ഥവകാശമുള്ള വകുപ്പിന്റെ ജില്ലാ മേധാവിക്ക് തദ്ദേശ സ്വയം ഭരണ സ്ഥാപന സെക്രട്ടറി കത്തെഴുതേണ്ടതാണ്.

5) വകുപ്പ് മേധാവികൾ തദ്ദേശ സ്വയം ഭരണ സ്ഥാപന സെക്രട്ടറിയുടെ ശുപാർശ പരമാവധി സ്വീകരിക്കേണ്ടതാണ്. വകുപ്പുകളുടെ ജില്ലാ മേധാവിക്ക് എന്തെങ്കിലും എതിർപ്പുണ്ടെങ്കിൽ അദ്ദേഹം അത് ജില്ലാ കളക്ടറുടെ മുമ്പാകെ ഉന്നയിക്കാവുന്നതാണ്. ഈ വിഷയത്തിൽ കളക്ടറുടെ തീരുമാനം അന്തിമമായിരിക്കും.

സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടിക്രമങ്ങൾ 20.02.2020 ലെ സ.ഉ. (കൈ) 39/2020/തസ്വഭവ എന്ന ഉത്തരവിലും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പോത്തൻകോട് ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ച ടേക്ക് എ ബ്രേക്കിന്റെ ഉടമസ്ഥതയും നടത്തിപ്പും സംബന്ധിച്ച ചുമതലകൾ കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ടിൽ നിക്ഷിപ്തമാണെന്ന് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റും, മാനേജിംഗ് കമ്മിറ്റി അംഗം അഡ്വ. ഷാനിബാബീഗവും ഉറപ്പ് നൽകിയിട്ടുണ്ട്.

ഇൻസ്റ്റിറ്റ്യൂട്ട് സെക്രട്ടറി പ്രൊഫ. എം. സഹൃദയൻ തമ്പി ബ്ലോക്ക് സെക്രട്ടറിക്ക് നൽകിയ കത്തിൽ ഈ കാര്യം (10.10.2020 ലെ 88/2020/KANIC) പറയുന്നുണ്ട്. കേരള സംസ്ഥാന ബജറ്റിലൂടെ ലഭ്യമാകുന്ന വികസന ഫണ്ട് ഉപയോഗപ്പെടുത്തി ഒരു ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനത്തിലെ ഭൂമിയിൽ സ്ഥാപിച്ചു നൽകിയതും തുടർപരിപാലനം ആ സ്ഥാപനത്തിനു തന്നെ നൽകിയതും ക്രമപരമല്ല. സർക്കാർ ഉത്തരവു പ്രകാരം തുടർ പരിപാലനം കുടുംബശ്രീ മിഷൻ/അയ്യൻകാളി തൊഴിലുറപ്പ് പദ്ധതി ഇവർക്കാണ് നൽകേണ്ടത്.

നിലവിൽ വികസന ഫണ്ട് പ്രയോജനപ്പെടുത്തിയ പദ്ധതി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ആസ്തിയിൽ ഉൾപ്പെടാതെ പോകുന്നത്, സർക്കാർ ഉത്തരവുകളും, നിലവിലെ നിയമങ്ങൾ/ചട്ടങ്ങൾ പാലിക്കാത്തതിനാലുമാണ്. ആയതിനാൽ ഭരണസമിതിയുടെ അടിയന്തിര നടപടി ഈ വിഷയത്തിൽ ഉണ്ടായി പൊതുപണത്തിന്റെ ഉപയോഗം നിയമ വിധേയമാക്കേണ്ടതാണ്.

## 1-29 കരാറിലെ നിബന്ധനകൾ അടിയന്തിരമായി കാലികമാക്കണം

1. ഓഡിറ്റ് വർഷത്തിൽ നിർവഹണം നടത്തിയ മരാമത്ത് പ്രവൃത്തികളുടെ കരാർ വച്ചത് നിലവിലെ സാഹചര്യത്തിന് അനുസൃതമായ വ്യവസ്ഥകൾ ഉൾകൊള്ളിച്ചുകൊണ്ടല്ല. വളരെ പ്രധാനമായ മിക്ക വ്യവസ്ഥകളും കാലഹരണപ്പെട്ടതാണ്. കരാറിന്റെ അന്തസത്ത സമയമാണെന്നിരിക്കെ പ്രവൃത്തി പൂർത്തീകരിക്കാനുള്ള സമയക്രമം കരാറിൽ കൃത്യമായി പ്രതിപാദിക്കുന്നില്ല എന്ന ഗുരുതര വീഴ്ചയും സംഭവിച്ചിട്ടുണ്ട്. എല്ലാ പ്രവൃത്തികളുടേയും കരാറുടമ്പടി ഒരേ ഫോറത്തിൽ തന്നെയാണ് തയ്യാറാക്കി വരുന്നത്. ഈ കരാറിലെ നാലാമത്തെ വ്യവസ്ഥയിൽ, പ്രവൃത്തിക്ക് ആവശ്യമായ സാധനങ്ങളുടെ ഗുണനിലവാരം, പ്രവൃത്തിയുടെ ഗുണനിലവാരം, പ്രവൃത്തിയുടെ അളവുകൾ എന്നിവയെല്ലാം കേരള ഡീറ്റയിൽഡ് സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷൻ പ്രകാരമാണെന്നും ഈ നിബന്ധനകൾ കരാറുകാരൻ വായിച്ച് മനസിലാക്കണമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 2014-15 വർഷം മുതൽക്കുതന്നെ DAR ഉം DSR ഉം നടപ്പിലാക്കിയിട്ടുണ്ട്. ഇവ അടിസ്ഥാനപ്പെടുത്തിയിരിക്കുന്നത് CPWD Specification ആണ്. കൂടാതെ ഗ്രാമീണ റോഡുകൾക്ക് MORD Specification ആണ് ഉപയോഗിക്കുന്നത്. കാലഹരണപ്പെട്ട വ്യവസ്ഥകൾ കരാറിൽ നിലനിർത്തുന്നത് നിയമപരമല്ല.

2. പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള സമയക്രമം കരാറിൽ കൃത്യമായി പ്രതിപാദിക്കുന്നില്ല. കരാറിലെ രണ്ടാമത്തെ വ്യവസ്ഥകൾ പാലിക്കപ്പെടുന്നതിന് പ്രവൃത്തി വിവര പട്ടികയോ, പ്രവർത്തന കലണ്ടറോ കരാറിന്റെ ഭാഗമാക്കിയിട്ടില്ല. പ്രവൃത്തിയുടെ പ്രോജക്ട് കരാറിന്റെ ഭാഗമായി പരിഗണിച്ചാൽ തന്നെ മിക്ക പ്രവൃത്തികളുടെയും കാര്യത്തിൽ കരാർ തീയതി പരിഗണിക്കുമ്പോൾ പ്രോജക്ടിലെ പ്രവൃത്തി പൂർത്തീകരണ കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുകയെന്നത് അസംഭവ്യമാണെന്ന് കാണാം. പ്രോജക്ട് ഏകവർഷ പ്രോജക്ടാണെന്നിരിക്കെ കരാർ സാമ്പത്തിക വർഷാവസാനം വയ്ക്കുന്ന സാഹചര്യമാണുള്ളത്.

3. കരാറിന്റെ ഏഴാമത്തെ വ്യവസ്ഥയായി പൂർത്തീകരണ കാലതാമസത്തിനുള്ള പിഴ സംബന്ധിച്ച് വിശദമാക്കുന്ന 2012ലെ പുതുക്കിയ PWD മാന്വലിലെ വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുന്നതിന് പകരം അതിനുമുമ്പുള്ള മാന്വലിലെ വ്യവസ്ഥകളാണ് ഇവിടെ പ്രതിപാദിച്ചിരിക്കുന്നത്. ഇത് ക്രമപ്രകാരമല്ല.

കരാർ ലംഘനങ്ങളുണ്ടാകുന്ന സാഹചര്യത്തിൽ കോടതി വ്യവഹാരങ്ങളിലേക്ക് പോകുമ്പോൾ ഇത്തരം നിബന്ധനകൾ പഞ്ചായത്തിന് അനുകൂലമാകില്ല. ആയതിനാൽ നിലവിലെ കരാർ നിബന്ധനകൾ കാലികമായി പരിഷ്കരിക്കുവാൻ അടിയന്തിര ഇടപെടലുകൾ ഉണ്ടാകണം.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വാർഷിക ധനകാര്യ പത്രിക പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച ഫണ്ടിന്റെ വിശദാംശം ചുവടെ ചേർക്കുന്നു

| | മുന്നിരുപ്പ് (എ.എഫ്.എസ് പ്രകാരം) | വരവ് (എ.എഫ്.എസ് പ്രകാരം) | ചെലവ് (സുലേഖ ചെലവ് പത്രിക പ്രകാരം) | നീക്കിയിരുപ്പ് (എ.എഫ്.എസ് പ്രകാരം) |
|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത് വിഹിതം | 7340709 | 790 | 0 | 7341499 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 0 | 0 | 0 | 0 |

സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച ഫണ്ടിൽ നിന്നുള്ള ചെലവ് വിശദാംശം ഉൾപ്പെടുത്തിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും, വ്യത്യാസം പൊരുത്തപ്പെടുത്തി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

### 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയതുകയുടെ വിവരം

| നിർവ്വഹണ ഏജൻസി | പ്രവ്യത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാലൻസ് തുക |
|---|---|---|---|---|
| കേരളാ വാട്ടർ അതോറിറ്റി | ചിറ്റിക്കര കടിവെള്ള പദ്ധതി, 73 | 3463500 | 0 | 3463500 |
| | ചിറ്റിക്കര കടിവെള്ള പദ്ധതി, 104 | 634997 | 0 | 634997 |
| | ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ, 105 | 1000000 | 0 | 1000000 |
| | ആകെ | 5098497 | | 5098497 |

വാർഷിക ധനകാര്യ പത്രിക പ്രകാരം

| | 2020-21 B-18 ഷെഡ്യൂൾ പ്രകാരം | 2021-22 വർഷത്തെ നിക്ഷേപം | ആകെ | ചെലവ് | നീക്കിയിരിപ്പ് | 2021-22 B18 ഷെഡ്യൂൾ പ്രകാരം |
|---|---|---|---|---|---|---|

| | മുന്നിരിപ്പ് | | | | | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | 6992400 | 1634997 | 8627397 | 0 | 8627397 | 8627397 |

വാർഷിക ധനകാര്യ പത്രികയും സുലേഖ സ്റ്റേറ്റ്മെന്റും തമ്മിലുള്ള വ്യത്യാസത്തിനുള്ള കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറി നം 16 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

2.

| വായ്പയുടെ പേര് | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| ഐ.എ.വൈ. | 4968400 | 1024280 | 0 * | 1024280 |

* സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം ഐ എ വൈ ഭവന പദ്ധതിക്കായി സഹകരണ ബാങ്കിൽ നിന്നുമെടുത്ത വായ്പ തിരിച്ചടവ് , 61 എന്ന പദ്ധതിയിൽ 1024280 രൂപ തിരിച്ചടച്ചിട്ടുണ്ട് . എന്നാൽ ടി തുക അടവാക്കിയത് AFS ൽ പ്രതിഫലിക്കുന്നില്ല. മേൽ അപാകത സംബന്ധിച്ച് നൽകിയ എൻക്വയറി നം 16ന് മറുപടി ലഭ്യമാക്കിയില്ല.

## 4-5 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 20028664 |
| ഓഡിറ്റ് വർഷത്തെ വരവ് | 100247968 |
| ആകെ വരവ് | 120276632 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 88730784 |
| നീക്കിയിരിപ്പ് | 31545848 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 143787 |

(ബി). പഞ്ചായത്ത്ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 46715 | ശ്രീമതി ഷാനിബാ ബീഗം, ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| 1-20 (4) | 10247 | ഡോ.അച്ചാമ്മ മെഡിക്കൽ ഓഫീസർ |

| | | |
|---|---|---|
| 1-20 (5) | 24562 | ഡോ. അച്ചാമ്മ മെഡിക്കൽ ഓഫീസർ |
| 1-25 | 62263 | ശ്രീമതി സരസ്വതി, ശിശു വികസന പദ്ധതി ഓഫീസർ |
| ആകെ | 143787 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| ക്രമ നമ്പർ | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ശ്രീമതി ഷാനിബാബീഗം ഡയറി എക്സ്റ്റൻഷൻ ഓഫീസർ | - | ദാറുൽ അഫിയ, എ.ആർ.എ ബി-31, സൈനിക സ്കൂൾ, കഴക്കൂട്ടം |
| 2 | ശ്രീമതി സരസ്വതി ശിശു വികസന പദ്ധതി ഓഫീസർ | - | പടിഞ്ഞാറ്റിൽ, കരിക്കകം പി ഒ |
| 3 | ഡോ. അച്ചാമ്മ മെഡിക്കൽ ഓഫീസർ | - | എ.എസ് നഗർ, TC24/1824, തൈക്കാട് പി.ഒ, തിരുവനന്തപുരം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ.റ്റി.വി.എം/ബി.പി./1833/2022 തീയതി 18.10.2022 | 1 |
| 2001-02 | കെ.എസ്.എ.റ്റി.വി.എം/ബി.പി./1833/2022 തീയതി 18.10.2022 | 1 |
| 2002-03 | കെ.എസ്.എ.റ്റി.വി.എം/ബി.പി./1833/2022 തീയതി 18.10.2022 | 2 |
| 2004-05 | കെ.എസ്.എ.റ്റി.വി.എം/ബി.പി./1833/2022 തീയതി 18.10.2022 | 2 |
| 2005-06 | കെ.എസ്.എ.റ്റി.വി.എം/ബി.പി./1833/2022 തീയതി 18.10.2022 | 1 |
| 2006-07 | കെ.എസ്.എ.റ്റി.വി.എം/ബി.പി./1833/2022 തീയതി 18.10.2022 | 5 |
| 2007-08 | കെ.എസ്.എ.റ്റി.വി.എം/ബി.പി./1833/2022 തീയതി 18.10.2022 | 0 |
| 2008-09 | കെ.എസ്.എ.റ്റി.വി.എം/ബി.പി./1833/2022 തീയതി 18.10.2022 | 1 |
| 2009-10 | കെ.എസ്.എ.റ്റി.വി.എം/ബി.പി./1833/2022 തീയതി 18.10.2022 | 3 |
| 2011-12 | കെ.എസ്.എ.റ്റി.വി.എം/ബി.പി./1833/2022 തീയതി 18.10.2022 | 0 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം/ബി.പി./1833/2022 തീയതി 18.10.2022 | 0 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം/ബി.പി./1833/2022 തീയതി 18.10.2022 | 0 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം/ബി.പി./1833/2022 തീയതി 18.10.2022 | 0 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം/ബി.പി./1833/2022 തീയതി 18.10.2022 | 3 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം/ബി.പി./1833/2022 തീയതി 18.10.2022 | 5 |
| 2018-19 | നം.കെ.എസ്.എ.റ്റി.വി.എം.ബി.പി/1860/2019 തീയതി 17.10.2019 | 27 |
| 2019-20 | നം.കെ.എസ്.എ.റ്റി.വി.എം.ബി.പി/153/2022 തീയതി 18.03.22 | 30 |
| 2020-21 | നം.കെ.എസ്.എ.റ്റി.വി.എം.ബി.പി/847/2022 തീയതി 17.06.22 | 36 |

ജോയിന്റ് ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
തിരുവനന്തപുരം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്